# കേരള സർക്കാർ

## കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

www.ksad.kerala.gov.in

## വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

## ഓഡിറ്റ് റിപ്പോർട്ട്

2020-2021

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121

ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ : 0493-6203672

(രജിസ്റ്റർ ചെയ്ത കൈപ്പറ്റ് ചീട്ടു സഹിതം)

നമ്പർ: കെ.എസ്.എ/ഡബ്ല്യൂ.വൈ.ഡി/പി-1/668/2022

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്
ജില്ലാ ഓഡിറ്റ് കാര്യാലയം
വയനാട്-673121
തീയ്യതി: 29/07/2022
ഇ-മെയിൽ: dowyd.ksad@kerala.gov.in
ഫോൺ: 0493-6203672

ഡെപ്യൂട്ടി ഡയറക്ടർ

പ്രസിഡന്റ് (സെക്രട്ടറി മുഖേന)
വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്ത്

സർ,

വിഷയം : വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് സംബന്ധിച്ച്.

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1)ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർ നടപടികൾക്കായി ഇതോടൊപ്പം അയക്കുന്നു.

ഈ റിപ്പോർട്ടിലെ ഭാഗം 1ലെ ഖണ്ഡികകളിലേക്ക് ശ്രദ്ധ ക്ഷണിക്കുന്നു. ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസ്തുത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ് .

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും , ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 14,15)) കാണുക.

റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം സെക്ഷൻ 15(1) ചട്ടം 20,23, (1997 കേരള പഞ്ചായത്ത് രാജ്-പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും ചട്ടങ്ങളിലെ ചട്ടം 21(1)(2)) എന്നിവ കാണുക.

വിശ്വസ്തതയോടെ,

ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:

1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം (ഉ.പ.സ),
2) പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, വയനാട്.
3) കാര്യാലയ പകർപ്പ്.

നമ്പർ: കെ.എസ്.എ/ഡബ്ല്യു.വൈ.ഡി /പി-1/668/2022 തീയ്യതി: 29/07/2022

## വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യ പത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്.

(1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13 , 1996 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, (1994 ലെ കേരള പഞ്ചായത്ത് രാജ് നിയമം-വകുപ്പ് 215(4)) എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്.)

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. സ്ഥാപനം 02-03-2021 മുതൽ 18-07-2022 തീയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്,അവയുടെ ഒടുക്ക്,വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ സ്ഥാപനത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട് 14 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 8 എണ്ണത്തിനു മറുപടി ലഭിച്ചിട്ടുണ്ട്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിൽമേലുള്ള തുടർ നടപടികൾ സ്ഥാപനം സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്ന് ലഭ്യമായ രജിസ്റ്ററുകളുടെയും രേഖകളുടെയും വിവരങ്ങളുടെയും വിശദീകരണത്തിന്റെയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരങ്ങളുടെയോ വിശദാംശങ്ങളുടെയോ അടിസ്ഥാനത്തിൽ തയ്യാറാക്കി ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ള വിശകലനങ്ങളുടെയും നിരീക്ഷണങ്ങളുടെയും കാര്യത്തിലും, സ്ഥാപനം ഓഡിറ്റിന് ലഭ്യമാകാത്ത രേഖകളുടെ അടിസ്ഥാനത്തിൽ മറ്റൊരു ഓഡിറ്റ് ഏജൻസി/പരിശോധനാ വിഭാഗം പിന്നീട് കണ്ടെത്തുന്ന അപാകതകളിലും കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

### (എ)ഓഡിറ്റ് നടത്തിയതിന്റെ വിവരം

ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ:

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ശ്രീ.അഗസ്റ്റ്യൻ.ഒ.കെ | ഡെപ്യൂട്ടി ഡയറക്ടർ | 18-07-2022 | 29-07-2022 |

ഓഡിറ്റിന് വിനിയോഗിച്ച സമയം :

| തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|
| 18-07-2022 | 29-07-2022 |

ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ:

ശ്രീ.ലീലാകൃഷ്ണൻ എൻ.എം,ഓഡിറ്റ് ഓഫീസർ
ശ്രീ.ഡേവിഡ്.കെ.വി,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീ.അലി അക്ബർ.കെ,അസി.ഓഡിറ്റ് ഓഫീസർ,
ശ്രീമതി.ടിജി വർഗ്ഗീസ് ,ഓഡിറ്റർ

### (ബി)നിർവഹണാധികാരികൾ

| പേര് | ഔദ്യോഗിക പദവി | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|

| | | | |
|---|---|---|---|
| ശ്രീ. പി എം നാസർ | പ്രസിഡന്റ് | 01-04-2020 | 12-11-2020 |
| ശ്രീമതി.ഇ കെ രേണുക | പ്രസിഡന്റ് | 30-12-2020 | 31-03-2021 |
| ശ്രീ. ബിജേഷ് എ എം | സെക്രട്ടറി | 01-04-2020 | 31-03-2021 |

## നിർവ്വഹണഉദ്യോഗസ്ഥർ

| പേര് | ഉദ്യോഗപ്പേര് | തീയതി **(മുതൽ)** | തീയതി **(വരെ)** |
|---|---|---|---|
| ഡോ ദിവ്യകല | മെഡിക്കൽ ഓഫീസർ (പി എച്ച് സി) | 01-04-2020 | 31-03-2021 |
| ഡോ അനിത ടി സി | മെഡിക്കൽഓഫീസർ (ഹോമിയോ) | 01-04-2020 | 31-03-2021 |
| ഡോ സിറാജുദ്ദീൻ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 01-04-2020 | 12-10-2020 |
| ഡോ റുക്സാന എ | മെഡിക്കൽ ഓഫീസർ (ആയുർവ്വേദം) | 12-10-2020 | 31-03-2021 |
| ഡോ മീനുജ എം എസ് | വെറ്ററിനറി സർജൻ | 01-04-2020 | 31-03-2021 |
| ശ്രീമതി. സൈനബ സി | ഐ സി ഡി എസ് സൂപ്പർവൈസർ | 01-04-2020 | 31-03-2021 |
| ശ്രീമതി.സുഹറ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 01-04-2020 | 09-11-2020 |
| ശ്രീമതി.വിനിഷ | ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 09-11-2020 | 31-03-2021 |
| ശ്രീ.പ്രവീൺ പി എൽ | അസി.എൻജിനീയർ | 01-04-2020 | 30-06-2020 |
| ശ്രീമതി.അനിതു ദേവ് | അസി.എൻജിനീയർ | 01-07-2020 | 05-10-2020 |
| ശ്രീ.കെ ബി റോഷൻ | അസി.എൻജിനീയർ | 06-10-2020 | 31-03-2021 |
| ശ്രീമതി.മേരി നെല്ലാംകുഴിയിൽ | ഹെഡ് മാസ്റ്റർ | 01-04-2020 | 31-03-2021 |
| ശ്രീമതി.ജോയ്സി ഡി | വി.ഇ.ഒ | 01-04-2020 | 19-10-2020 |
| ശ്രീ.സുനിൽകുമാർ എ | വി.ഇ.ഒ | 20-10-2020 | 31-03-2021 |
| ശ്രീമതി.ശ്രീമതി. | കൃഷി ഓഫീസർ | 01-04-2020 | 18-09-2020 |
| ശ്രീ.പൌലോസ് ടി പി | കൃഷി ഓഫീസർ | 19-09-2020 | 31-03-2021 |
| ശ്രീ.ആഷിഖ് ബാബു.സി | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 01-04-2020 | 31-03-2021 |

ഉള്ളടക്കം


| ക്രമ നം | ഭാഗം **1** | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ്<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-1 |
| 2 | ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-1-1 |
| 3 | ബജറ്റ് പൂർണ്ണമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-1-2 |
| 4 | ബജറ്റ് വാസ്തവികമല്ല<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-1-3 |
| 5 | വാർഷിക ധനകാര്യപത്രിക<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-2 |
| 6 | സാമ്പത്തിക വിശകലനം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-3 |
| 7 | ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-07-2022) | 1-4 |
| 8 | പദ്ധതി അവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-5 |
| 9 | തൊഴിലുറപ്പ് പദ്ധതി(MNREGA കാഷ് ബുക്ക് പ്രകാരമുള്ളത്)<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-6 |
| 10 | ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-7 |
| 11 | ക്യാഷ് വെരിഫിക്കേഷൻ<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-8 |
| 12 | ആഭ്യന്തര നിയന്ത്രണം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-9 |
| 13 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-10 |
| 14 | വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ<br>Written By: David K.V (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-11 |
| 15 | ബയോഫ്ലോക്ക് മത്സ്യ കൃഷി- അധികം ധനസഹായം നൽകി<br>Written By: Tiji Varghese (Auditor, On 26-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-12 |
| 16 | വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷി- ഗുണഭോക്താക്കൾക്ക് അധിക തുക നൽകി<br>Written By: Tiji Varghese (Auditor, On 26-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-13 |
| 17 | സാമൂഹിക സുരക്ഷാ പെൻഷൻ- മരണമടഞ്ഞ വ്യക്തികളുടെ സ്റ്റാറ്റസ് | 1-14 |

| | | |
|---|---|---|
| | സസ്പെൻഡ് ചെയ്യാൻ വൈകുന്നതു മൂലം പെൻഷനർ മരണമടഞ്ഞാലും പെൻഷൻ അക്കൗണ്ടിലേക്ക് കൈമാറുന്നു.<br>Written By: Tiji Varghese (Auditor, On 26-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | |
| 18 | അംഗൺവാടി പോഷകാഹാരം- ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 1-15 |
| 19 | അനിവാര്യ ഫണ്ട് വകയിരുത്തലുകൾ നടത്തിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-16 |
| 20 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ബത്ത/ സ്കോളർഷിപ്പ് നൽകൽ- മെഡിക്കൽ സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞു.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-17 |
| 21 | ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. - ₹ 19,00,379.00 തടസ്സം ചെയ്യുന്നു.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-18 |
| 22 | ഇ ടെണ്ടർ ഫോം ഫീസ് പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-19 |
| 23 | പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-07-2022) | 1-20 |
| 24 | ടെണ്ടർ ഫോറം വിതരണം സംബന്ധിച്ച്<br>Written By: Leelakrishnan.N.M (Audit Officer, On 27-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-07-2022) | 1-21 |
| 25 | എസ്.എസ്.കെ വിഹിതം നല്കൽ-പഞ്ചായത്തിന്റെ ആവശ്യകത ഉറപ്പു വരുത്താ- ത്തതു സംബന്ധിച്ച്<br>Written By: Leelakrishnan.N.M (Audit Officer, On 27-07-2022)<br>Last Updated By: Anoop Vijai N (Computer Assistant, On 27-07-2022) | 1-22 |
| 26 | കിഴങ്ങു വർഗ കൃഷി പ്രോത്സാഹനം(വനിതാ ഗ്രൂപ്പ്)-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന് ആനുകൂല്യം അനുവദിച്ചു.<br>Written By: Leelakrishnan.N.M (Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 1-23 |
| 27 | മരുന്നു വാങ്ങൽ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല സ്റ്റോക്കിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.<br>Written By: David K.V (Asst. Audit Officer, On 27-07-2022)<br>Last Updated By: David K.V (Asst. Audit Officer, On 27-07-2022) | 1-24 |
| 28 | ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച വീടുകൾ പൂർത്തിയാക്കിയിട്ടില്ല.<br>Written By: David K.V (Asst. Audit Officer, On 27-07-2022)<br>Last Updated By: David K.V (Asst. Audit Officer, On 27-07-2022) | 1-25 |
| | ഭാഗം **2** | |
| | --- No Records Found --- | |
| | ഭാഗം **3** | |
| | --- No Records Found --- | |
| | ഭാഗം **4** | |

| | | |
|---|---|---|
| 1 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 4-1 |
| 2 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-2 |
| 3 | നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-3 |
| 4 | മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-4 |
| 5 | വായ്പ്പാ/വായ്പ്പാ തിരിച്ചടവ്<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-5 |
| 6 | സ്ഥിര നിക്ഷേപങ്ങൾ<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 4-6 |
| 7 | ഓഡിറ്റ് റിക്കവറി<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-7 |
| 8 | സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-8 |
| 9 | ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 27-07-2022) | 4-9 |
| 10 | ഓഡിറ്റ് പ്രത്യവലോകനം<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 4-10 |
| 11 | തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.<br>Written By: Ali Akbar. K (Asst. Audit Officer, On 27-07-2022)<br>Last Updated By: Ali Akbar. K (Asst. Audit Officer, On 29-07-2022) | 4-11 |
| അനുബന്ധം | | |
| 1 | ഓഡിറ്റ് സാക്ഷ്യപത്രം | |
| 2 | ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം | |

# ഭാഗം -1

# പൊതു അവലോകനം

## 1-1 ബജറ്റ്

2020-21 വർഷത്തെ ബജറ്റ് 04.03.2020 തിയ്യതിയിലെ 2/1 നംമ്പർ തീരുമാനപ്രകാരം അംഗീകരിച്ചു. ബഡ്ജറ്റ് പുതുക്കിയതിന്റെ രേഖകൾ ലഭ്യമാക്കിയിട്ടില്ല.

### 1-1-1 ബജറ്റ് തയ്യാറാക്കിയതിൽ നടപടിക്രമങ്ങൾ പാലിച്ചില്ല.

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 സാമ്പത്തിക വർഷത്തെ ബജറ്റ് എസ്റ്റിമേറ്റ് തയ്യാറാക്കുന്നതിൽ 02.12.2016 ലെ ജി.ഒ.ആർ.ടി 3291/16 (LSGD)പ്രകാരമുള്ള നടപടികൾ പാലിച്ചതായി കാണുന്നില്ല. ബജറ്റ് തയ്യാറാക്കുന്നതിന് മുൻപ് വാർഷിക പദ്ധതി തയ്യാറാക്കിയതായോ , പഞ്ചായത്ത് കമ്മിറ്റി തീരുമാനപ്രകാരം മേഖലാതല ഫണ്ട് വിഭജനവിവരങ്ങൾ തയ്യാറാക്കിയതായോ കാണുന്നില്ല.സാമ്പത്തിക വർഷത്തേക്കുള്ള ബജറ്റ് തയ്യാറാക്കുന്നതിന് കെട്ടിടങ്ങളുടെയും ഭൂമികളുടെയും ലിസ്റ്റ് ,ട്രേഡേഴ്സ് ലിസ്റ്റ്,സ്ഥാപനങ്ങളുടെ ലിസ്റ്റ് (കേ.പ.രാ.നിയമം വകുപ്പ് 205ബി) എന്നിവ തയ്യാറാക്കുന്നതിന് ധനകാര്യ സ്റ്റാന്റിങ്ങ് കമ്മിറ്റി സെക്രട്ടറിക്ക് നിർദ്ദേശം നൽകിയതായോ അപ്രകാരം നികുതി /നികുതിയേതര വരവുകളുടെ എസ്റ്റിമേറ്റിന്റെ വാസ്തവികത ഉറപ്പ് വരുത്തിയതായോ കാണുന്നില്ല.

### 1-1-2 ബജറ്റ് പൂർണ്ണമല്ല

തദ്ദേശ സ്വയം ഭരണസ്ഥാപനങ്ങൾക്കുള്ള ബജറ്റ് മാന്വലിലെ (ജി.ഒ. (ആർ.ടി.)നം. 3291/2016/തസ്വഭവ, തീയതി. 02.12.2016 ) ഖണ്ഡിക 3.1 പ്രകാരം ബജറ്റ് പ്രമാണങ്ങളിൽ താഴെ പറയുന്ന രേഖകൾ ഉണ്ടായിരിക്കേണ്ടതാണ്.

1. ബജറ്റ് പ്രസംഗം.
2. ബജറ്റ് നോട്ട്സ്.
3. ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും.
4. പെർഫോമൻസ് ബജറ്റ്.
5. ജെന്റർ ബജറ്റ്.

മേൽ പറഞ്ഞ പ്രാമാണങ്ങളിൽ ബജറ്റ് സ്റ്റേറ്റ്മെന്റ്സും ബജറ്റ് ഷെഡ്യൂളുകളും ഒഴികെയുള്ള രേഖകൾ ഗ്രാമപഞ്ചായത്ത് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. ആയതിനാൽ ഗ്രാമപഞ്ചായത്ത് തയ്യാറാക്കിയിട്ടുള്ള 2020-21 വർഷത്തെ ബജറ്റ് അപൂർണ്ണമാണ്.

### 1-1-3 ബജറ്റ് വാസ്തവികമല്ല

കേരള പഞ്ചായത്ത് രാജ് നിയമം 214-ാം വകുപ്പ് 3-ാം ഉപവകുപ്പ് പ്രകാരം വരവുകളുടെ മതിപ്പ് വാസ്തവികമായിരിക്കേണ്ടതാണ്. മുൻവർഷത്തെ യഥാർത്ഥ വരവിൽ നിന്നുള്ള ഏതൊരു വ്യതിയാനത്തോടൊപ്പവും വിശദമായ കുറിപ്പുകളും വിശദീകരണങ്ങളും ഉണ്ടായിരിക്കേണ്ടതാണ്. വിശദ വിവരം താഴെ കൊടുക്കുന്നു.

| | ബജറ്റ് 2020-21 പ്രകാരം(₹) | പുതുക്കിയ ബജറ്റ് പ്രകാരം(₹) | വാർഷിക കണക്ക് പ്രകാരം(₹) |
|---|---|---|---|
| മുൻ ബാക്കി | 6,00,000.00 | - | 83,99,345.00 |
| ആകെ വരവ് | 12,22,99,500.00 | - | 5,16,37,992.00 |
| ആകെ ചെലവ് | 12,18,57,500.00 | - | 5,02,73,112.00 |
| നീക്കി ബാക്കി | 10,42,000.00 | - | 97,64,225.00 |

വാസ്തവികമല്ലാത്ത ബജറ്റ് തയ്യാറാക്കുന്നത് മൂലം ബജറ്റ് തയ്യാറാക്കുന്നതിന്റെ ഉദ്ദേശ്യ ലക്ഷ്യമായ സാമ്പത്തിക മാനേജ്മെന്റ് സാധ്യമാകാതെ വരുന്നു. യഥാർത്ഥ വരവിനേക്കാൾ പെരുപ്പിച്ചുകാണിക്കുന്ന ബജറ്റ് തയ്യാറാക്കുന്നത് മൂലം തുക വകയിരുത്തി പദ്ധതികൾ എല്ലാം നടപ്പിലാക്കുന്ന സാഹചര്യം ഉണ്ടാകുകയാണെങ്കിൽ, നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ചെലവ് തുക നൽകാൻ കഴിയാത്ത അവസ്ഥ ഉണ്ടാകും. അങ്ങനെ വന്നാൽ അത് ഗ്രാമപഞ്ചായത്തിനെ കോടതി വ്യവഹാരങ്ങളിലേക്ക് നയിക്കുകയും ആയതുമൂലം ഗ്രാമപഞ്ചായത്തിന് ബാധ്യത ഉണ്ടാകുകയും ചെയ്യും. ആയതിനാൽ യഥാർത്ഥ്യ ബോധ്യത്തോടെ ബജറ്റ് തയ്യാറാക്കേണ്ടതാണ്.ഓഡിറ്റിന് സമർപ്പിച്ച ബജറ്റ് എസ്റ്റിമേറ്റിൽ 6 അക്ക കോഡ് ആണുള്ളത്. എന്നാൽ, വാർഷിക കണക്കിൽ 9 അക്ക കോഡ് ആണുള്ളത്. അതിനാൽ, ബജറ്റ് എസ്റ്റിമേറ്റ്, വാർഷിക കണക്കുമായി പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.അപാകതകൾ വിശദീകരിക്കേണ്ടതാണ്.

## 1-2 വാർഷിക ധനകാര്യപത്രിക

| വാർഷിക ധനകാര്യപത്രിക ലഭിക്കേണ്ട തിയതി | ലഭിച്ച തിയതി | അപാകത പരിഹരിക്കാൻ തിരിച്ചയച്ച തിയതി | റിമാർക്ക്സ് |
|---|---|---|---|
| 31/07/202 | 09/02/2022 | ഇല്ല | ഇല്ല |

## 1-3 സാമ്പത്തിക വിശകലനം

| | |
|---|---|
| മുന്നിരിപ്പ്(₹) | 83,99,345.00 |
| വരവ്(₹) | 5,16,37,992.00 |
| ആകെ(₹) | 6,00,37,337.00 |
| ചെലവ്(₹) | 5,02,73,112.00 |
| നീക്കിയിരിപ്പ്(₹) | 97,64,225.00 |

## 1-4 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി (₹) | വരവ് (₹) | ആകെ (₹) | ചെലവ് (₹) | നീക്കിബാക്കി (₹) |
|---|---|---|---|---|---|
| വികസന ഫണ്ട് -ജനറൽ (ACR പ്രകാരം) | - | 6797765 | 6797765 | 6737008 | 60757 |
| വികസന ഫണ്ട്-എസ്.സി.പി (ACR പ്രകാരം) | - | 641000 | 641000 | 178200 | 462800 |
| വികസന ഫണ്ട്-ടി.എസ്.പി (ACR പ്രകാരം) | - | 6565862 | 6565862 | 4674063 | 1891799 |
| മെയിന്റനൻസ്, റോഡ് (ACR പ്രകാരം) | - | 9217000 | 9217000 | 9217000 | 0 |
| മെയിന്റനൻസ്, നോൺ-റോഡ് (ACR പ്രകാരം) | . | 3456681 | 3456681 | 3456381 | 300 |
| സെൻട്രൽ ഫിനാൻസ് കമ്മീഷൻ ഗ്രാന്റ് (ACR പ്രകാരം) | - | 7877999 | 7877999 | 7353377 | 524622 |

| | | | | | |
|---|---|---|---|---|---|
| ജനറൽ പർപ്പസ് ഗ്രാന്റ് | - | 6627134 | 6627134 | 35900 | 6591234 |

## 1-5 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ(₹) | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ്(₹) | ഭാഗികമായി നടപ്പാക്കിയത് (എണ്ണം) | നടപ്പാക്കാത്തവ (എണ്ണം) | പൂർത്തീകരിച്ച പ്രോജക്ടുകളുടെ ശതമാനം |
|---|---|---|---|---|---|---|
| 186 | 7,29,70,905.00 | 137 | 3,78,62,155.00 | - | 49 | 72.57 |

നിർവ്വഹണോദ്യോഗസ്ഥരുടെ പദ്ധതി നിർവ്വഹണം സംബന്ധിച്ച സംക്ഷിപ്ത വിവരം

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതികളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ തുക | ചെലവഴിച്ച തുക | ചെലവ് % |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 11 | 10 | 2501900 | 1692551 | 67.65 |
| വെറ്ററിനറി സർജൻ | 8 | 8 | 2080000 | 1900769 | 91.38 |
| മെഡിക്കൽ ഓഫീസർ (കുടുംബാരോഗ്യ കേന്ദ്രം) | 8 | 8 | 1448000 | 1356772 | 93.70 |
| മെഡിക്കൽ ഓഫീസർ(ആയുർവ്വേദം) | 7 | 6 | 937280 | 867242 | 92.53 |
| സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് | 3 | 3 | 1491000 | 343480 | 23.04 |
| വില്ലേജ് എക്സ്റ്റൻഷൻ ഓഫീസർ | 21 | 7 | 26762103 | 4555508 | 17.02 |
| ഐ സി ഡി എസ് സൂപ്പർവൈസർ | 4 | 3 | 3252500 | 2902773 | 89.25 |
| ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ | 3 | 3 | 1026596 | 514536 | 41.95 |
| സെക്രട്ടറി, വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്ത് | 29 | 17 | 4221112 | 2725191 | 64.56 |
| ഹെഡ്മാസ്റ്റർ, GWLP സ്കൂൾ | 8 | 4 | 1767800 | 1036019 | 58.60 |
| അസിസ്റ്റൻറ് എഞ്ചിനീയർ | 84 | 66 | 27482614 | 19967314 | 72.65 |

## 1-6 തൊഴിലുറപ്പ് പദ്ധതി(MNREGA കാഷ് ബുക്ക് പ്രകാരമുള്ളത്)

| ഇനം | മുന്നിരിപ്പ്(₹) | വരവ്(₹) | ആകെ(₹) | ചെലവ്(₹) | നീക്കിയിരുപ്പ് (₹) |
|---|---|---|---|---|---|
| ഭരണചെലവുകൾ | 165267.56 | 2389227 | 2554494.56 | 2368444.52 | 186050.04 |
| ഗുണഭോക്താകൾക്ക് നേരിട്ട് നൽകുന്നത് | - | 33332142.2 | 33332142.2 | 33332142.2 | ഇല്ല |
| മെറ്റീരിയൽസ് | 288158 | 217542 | 505700 | 224954 | 280746 |

എം.എൻ.ആർ.ഇ.ജി യുടെ കാഷ് ബുക്ക് പ്രകാരമുള്ള ആകെ വരവ് ചെലവുകൾ വാർഷികകണക്കുകളുമായി പൊരുത്തപ്പെടുന്നില്ല.വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-7 ക്ഷേമ പദ്ധതികൾക്കായി തൻവർഷം വിനിയോഗിച്ച തുകയുടെ വിശദാംശം

തൻവർഷം ഗ്രാമപഞ്ചായത്ത് നടപ്പാക്കിയ വിവിധ ക്ഷേമ പദ്ധതികളുടെ വിശദാംശങ്ങൾ താഴെ കൊടുക്കുന്നു.

| ക്ഷേമപദ്ധതിയുടെ പേര് | ചെലവഴിച്ച തുക | ഗുണഭോക്താക്കളുടെ എണ്ണം |
|---|---|---|

| | | |
|---|---|---|
| തൊഴിൽരഹിത വേതനം | 7200 | 10 |
| കർഷകതൊഴിലാളി പെൻഷൻ | 5188900 | 262 |
| വിധവാപെൻഷൻ | 8750800 | 500 |
| വാർദ്ധക്യകാലപെൻഷൻ | 10871800 | 638 |
| വികലാംഗപെൻഷൻ | 2060500 | 112 |
| വിധവകളുടെ പെൺമക്കൾക്കുള്ള ധനസഹായം | 120000 | 4 |

## 1-8 ക്യാഷ് വെരിഫിക്കേഷൻ

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്റ്റിലെ 6 (4) വകുപ്പ് പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 21/07/2022 തീയ്യതിയിൽ 10.20 Am ന് സ്ഥാപനത്തിലെ ഉത്തരവാദപ്പെട്ട ഉദ്യോഗസ്ഥന്റെ സാന്നിദ്ധ്യത്തിൽ നടത്തുകയുണ്ടായി. ക്യാഷ് ബാലൻസായ ₹ 1,197.00 രൂപയുടെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-9 ആഭ്യന്തര നിയന്ത്രണം

ഗ്രാമപഞ്ചായത്തിലെ ഭരണനിർവ്വഹണവും ആഭ്യന്തര നിയന്ത്രണ സംവിധാനവും കൂടുതൽ കാര്യക്ഷമമാക്കേണ്ടതുണ്ടെന്ന് വിവിധ മേഖലയിലെ പ്രവർത്തനങ്ങൾ വിലയിരുത്തിയപ്പോൾ കാണാൻ സാധിച്ചു. വിശദ വിവരം താഴെ കൊടുക്കുന്നു.

1. നിർവ്വഹണോദ്യോഗസ്ഥർ സമർപ്പിച്ച ബജറ്റ് നിർദ്ദേശങ്ങളും ആയതിന്റെ അടിസ്ഥാനത്തിൽ സ്റ്റാന്റിംഗ് കമ്മറ്റികൾ അംഗീകരിച്ച നൽകിയ ബജറ്റ് നിർദ്ദേശങ്ങളും അടങ്ങുന്ന ഫയൽ സൂക്ഷിച്ചിട്ടില്ല.

2. 2020-21 സാമ്പത്തിക വർഷം ധനകാര്യസ്റ്റാന്റിംഗ് കമ്മിറ്റി യോഗം ചേർന്നിട്ടുണ്ടെങ്കിലും പുതിയ നികുതി വരവുകൾ കണ്ടെത്തുന്നതിനോ, നഗരസഭയുടെ വരുമാനം വർദ്ധിപ്പിക്കുന്നതിനോ, നികുതിയിനത്തിൽ ലഭിക്കാനുള്ള തുകകൾ പിരിച്ചെടുക്കുന്നതിനോ ഉള്ള നടപടികൾ സ്വീകരിച്ചിട്ടില്ല.

3. 2020-21 വർഷത്തെ രജിസ്റ്ററുകളുടെ സൂക്ഷിപ്പ് കാര്യക്ഷമമല്ല. ടെണ്ടർ ഫോം സെയിൽ രജിസ്റ്റർ , ഡെപ്പോസിറ്റ് രജിസ്റ്റർ, ഓഡിറ്റ് റിക്കവറി രജിസ്റ്റർ, ഇലക്ട്രോണിക് ഇനങ്ങളുടെ സ്റ്റോക്ക് രജിസ്റ്റർ എന്നിവ പരിശോധനക്ക് ലഭ്യമാക്കിയിട്ടില്ല. സ്റ്റോക്ക്,സ്റ്റോഴ്സ് എന്നിവയുടെ ഭൗതിക പരിശോധന നടത്തി സാക്ഷ്യപ്പെടുത്തുന്നില്ല.

4. വാർഷികകണക്ക് പരിശോധനയിൽ ചൂണ്ടിക്കാണിച്ചിട്ടുള്ള അപാകതകൾ ഇതുവരെയും പരിഹരിച്ചിട്ടില്ല.

5. പബ്ലിക് വർക്കുകൾ കൃത്യ സമയത്ത് കരാറുകാർ പൂർത്തിയാക്കുന്നില്ല.

6. വർക്കിംഗ് ഗ്രൂപ്പുകൾ മോണിറ്ററിംഗ് നടത്തുന്നില്ല.

7. മുൻകാല ഓഡിറ്റ റിപ്പോർട്ടുകൾ തീർപ്പാക്കുന്ന കാര്യത്തിൽ ഗ്രാമപഞ്ചായത്തിന്റെ ഭാഗത്തുനിന്നും ഓഡിറ്റ് കാലയളവിൽ കാര്യമായ പ്രവർത്തനങ്ങളൊന്നും ഉണ്ടായതായി കാണുന്നില്ല.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 08/07/2022-12/07/2022 | 2021-22 | റിപ്പോർട്ട് ലഭിച്ചിട്ടില്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 16/01/2018-25/01/2018 | 2012-13 മുതൽ 2016-17 വരെ | 09/03/2018 |

## 1-11 വർഷത്തെ വാർഷിക കണക്കുകളിലെ അപാകതകൾ

ഭരണസമിതിയുടെ 26.07.2021 ലെ 1/1-ാം നമ്പർ തീരുമാനപ്രകാരം അംഗീകരിച്ച വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-21 വർഷത്തെ വാർഷിക കണക്കുകളിലെ ന്യൂനതകൾ താഴെപ്പറയുന്നു.

1. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 62(5) അനുസരിച്ച് 2020-21 മെയ് മാസം 15-ാംതീയതിക്കുമുമ്പായി വാർഷിക കണക്കുകൾ ഓഡിറ്റിന് ലഭ്യമാക്കേണ്ടതായിരുന്നു. എന്നാൽ 09.02.2022 -നാണ് വാർഷിക കണക്കുകൾ ഓഡിറ്റിന് ഹാജരാക്കിയത്.

2. ഓഡിറ്റിന് സമർപ്പിച്ച 2020-21 വർഷത്തെ വാർഷിക കണക്കുകളോടൊപ്പം അടിസ്ഥാന അനുപാതങ്ങൾ (റേഷ്യോസ്), അക്കൗണ്ടിന്മേലുള്ള കുറിപ്പുകൾ, മുൻവർഷത്തെ താരതമ്യ തുകകൾ എന്നിവ ലഭ്യമാക്കിയിട്ടില്ല (ചട്ടം 62).

3. വാർഷിക കണക്കുകൾ 24.09.2020 - ന് സാംഖ്യ സോഫ്റ്റ് വെയറിൽ നിന്നും ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിലേക്ക് മാറിയിട്ടുണ്ട്. പ്രസ്തുത തീയതി വരെ സാംഖ്യ സോഫ്റ്റ് വെയറിൽ രേഖപ്പെടുത്തിയ കണക്കുകൾ ഐ.എൽ.ജി.എം.എസ്. സോഫ്റ്റ് വെയറിലേക്ക് ഉൾപ്പെടുത്തിയതിന്റെ പാസ്റ്റ് ഡാറ്റ എൻട്രിയുടെ (PDE) ആധികാരിക രേഖകൾ ഹാജരാക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

4. ബാലൻസ് ഷീറ്റിലെ ബി 1- ഷെഡ്യൂളിൽ അക്കൗണ്ട് ഹെഡ് 310900101 - Excess Of Income Over Expenditure ഇനത്തിൽ (-)₹2,55,20,302.72 ആണ് ഉൾപ്പെടുത്തിയിട്ടുള്ളത്. എന്നാൽ ഈ ഇനത്തിന്റെ ലെഡ്ജർ ബാലൻസ് (-)₹2,58,28,225/- ആണ്. മുൻബാക്കിയോട് (₹2,47,31,185) തൻവർഷത്തെ തുക ₹10,97,040/- (31.03.2021 -ലെ ഇൻകം & എക്സ്പെൻഡിച്ചർ പത്രിക പ്രകാരം) കൂട്ടുമ്പോൾലഭിക്കുന്ന തുക (-)₹2,58,28,225/- അണ്. ₹3,07,922/- യുടെ വ്യത്യാസമുണ്ട്.

5. മുൻവർഷത്തെ ബാലൻസ് ഷീറ്റിലെ ബി 4- ഷെഡ്യൂളിൽ അക്കൗണ്ട് ഹെഡ് 320800199 - Other Grant Funds & Contribution For Specific Purpose -ൽ ഉൾപ്പെടുത്തിയിരുന്ന ₹3,84,745/- തന്നാണ്ടിലെ ബാലൻസ് ഷീറ്റിൽ ബി 3- ഷെഡ്യൂളിൽ അക്കൗണ്ട് ഹെഡ് 312100999 -Capital Contribution - Other Grants Funds & Contribution For Specific Purpose - Capital എന്ന അക്കൗണ്ട് ഹെഡിലാണ് ഉൾപ്പെടുത്തിയിട്ടുള്ളത് (ട്രയൽ ബാലൻസിൽ മുന്നിരിപ്പിൽ തന്നെ മാറ്റിയിട്ടുണ്ട്.).

6. ബാലൻസ് ഷീറ്റിലെ ബി-3 ഷെഡ്യൂൾ റിസേർവുകളിൽ തൻവർഷം ₹3,84,745/- ആണ് കൂട്ടിചേർക്കപ്പെട്ടിട്ടുള്ളത് [5,14,47,849(തൻവർഷത്തെ നീക്കിയിരിപ്പ്) - 5,10,63,104(മുൻവർഷത്തെ നീക്കിയിരിപ്പ്)]. എന്നാൽ ഫിക്സഡ് അസറ്റസിൽ (ഷെഡ്യൂൾ 11 മുതൽ 11 (E) വരെ) തൻവർഷം ആകെ കൂട്ടിചേർക്കപ്പെട്ട തുക ₹5,49,535/- ആണ് [5,66,27,121(തൻവർഷത്തെ നീക്കിയിരിപ്പ്) - 5,60,77,586(മുൻവർഷത്തെ നീക്കിയിരിപ്പ്)]. തനത് ഫണ്ട് വിനിയോഗിച്ച് തൻവർഷം സൃഷ്ടിച്ച ആസ്തിയുടെ മൂല്യം ₹35,900/- ആണ്. വ്യത്യസം വിശദീകരിക്കപ്പെടേണ്ടതാണ്.

7. തൻവർഷം സൃഷ്ടിക്കപ്പെട്ട ആസ്തികൾ മുഴുവൻ ബാലൻസ് ഷീറ്റിൽ ഫിക്സഡ് അസറ്റസിൽ ഉൾപ്പെടുത്തിയിട്ടില്ല. ഉദാഹരണമായി തൻവർഷം സൃഷ്ടിക്കപ്പെട്ട ഏതാനും നടപ്പാത കോൺക്രീറ്റ് പ്രവൃത്തികളുടെ ചെലവ് വിവരം താഴെ ചേർക്കുന്നു.

| ക്രമ നം. | പ്രോജക്ട് നമ്പർ | ചെലവ് തുക(₹) |
|---|---|---|
| 1 | എസ് 0015/21 | 245692/- |
| 2 | എസ് 0087/21 | 245692/- |
| 3 | എസ് 0027/21 | 246037/- |
| 4 | എസ് 0021/21 | 284297/- |
| | ആകെ | 10,21,713/- |

ബാലൻസ് ഷീറ്റിൽ ആസ്തിയിൽ തൻ വർഷം ആകെ കൂട്ടിചേർക്കപ്പെട്ട തുക ₹5,49,535/- ആണ്. സ.ഉ. (കൈ) നം.152/2011/തസ്വഭവ, തീയതി 26-07.2011 പ്രകാരം - Any Addition To Or Improvement To The Fixed Asset That Results In Increasing The Utility Or Capacity Or Useful Life Of The Asset Shall Be Capitalised And Included In The Cost Of Asset. Revenue Expenditure In The Nature Of Repairs And Maintenance Incurred To Maintain The Asset And Sustain Its Functioning Or The Benefit Of Which Is Less Than For A Year, Shall Be Charged Off Unless It Results In Increase Of Capacity Or Operating Efficiency Of The Fixed Asset, Or Extends Its Useful Economic Life.)

8. ബാലൻസ് ഷീറ്റിലെ ബി - 11 (E) ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് 414200001 -Electric Line Extention - Electric Line For Home - ൽ ₹11,003,10/- ഉൾപ്പെടുത്തിയിട്ടുണ്ട്. ഇലട്രിക് ലൈനുകൾ കെ.എസ്.ഇ.ബി. - യുടെ ആസ്തിയായതിനാൽ മേൽ പറഞ്ഞ തുക ഗ്രാമപഞ്ചായത്തിന്റെ ആസ്തിയിൽ ഉൾപ്പെടുത്തിയത് വിശദീകരിക്കപ്പെടേണ്ടതാണ്.

9. ബാലൻസ് ഷീറ്റിലെ ബി - 11(a) അക്കുമുലേറ്റഡ് ഡിപ്രിസിഷേൻ ഷെഡ്യൂളിൽ, ട്രയൽ ബാലൻസിൽ ഉൾപ്പെടാത്ത രണ്ട് ലഡ്ജർ അക്കൗണ്ടുകളുടെ നീക്കിയിരിപ്പ് ചേർത്തിട്ടുണ്ട്. 1) 416100106 - Accumulated Depreciation - Plant And

Machinary (-)₹1,30,314/-, 2) 416100110 - Accumulated Depreciation - Other Fixed Assets (-)₹78,078/-.

10. ആസ്തി രജിസ്റ്റർ പൂർണ്ണമല്ലാത്തതിനാലും ആസ്തികളുടെ കാൽകുലേഷൻ ഷീറ്റും ഡിപ്രിസിയേഷന്റെ കാൽകുലേഷൻ ഷീറ്റും തയ്യാറാക്കി സൂക്ഷിച്ചിട്ടില്ലാത്തതിനാലും ഇൻകം & എക്സ്പെന്റിച്ചർ അക്കൗണ്ടിലെ ഐ - 17(A) ഷെഡ്യൂളിൽ രേഖപ്പെടുത്തിയിരിക്കുന്ന ആസ്തികളുടെ ഡിപ്രിസിയേഷൻ തുകയുടെ (₹10,383,874/-) കൃത്യത പരിശോധിക്കാൻ സാധിച്ചില്ല.

11. വാർഷിക കണക്കുകൾ പ്രകാരം ഗ്രാമപഞ്ചായത്തിന് ₹3,42,019/- രൂപ ഇൻവെസ്റ്റ്മെന്റ് (നം. 30091807520017/14.03.2016) ഉണ്ട്. ആയതിന്റെ തൻവർഷത്തെ പലിശ അക്കൗ ണ്ട് ചെയ്തിട്ടില്ല.

12. ബാലൻസ് ഷീറ്റിലെ ബി -2 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് 311100101 - Panchayat Distress Relief Fund പ്രകാരം ₹12,724/- ആണ് ബാധ്യത .എന്നാൽ ആയതിന്റെ ബി -17 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് 450210102 Other Co-operative Bank (2927) പ്രകാരം ആസ്തി ₹13,169/- ആണ്.

13. ബാങ്ക് റിക്കൺസിലിയേഷൻ സംബന്ധിച്ച് ന്യൂനതകൾ

എ) ബാലൻസ് ഷീറ്റിലെ ബി - -17 ഷെഡ്യൂൾ അക്കൗണ്ട് ഹെഡ് 450210102 Other Co-operative Bank (2644) - ന്റെ റിക്കൺസിലിഷനിൽ 30.09.2020 -ലെ ചെക്ക് നമ്പർ 2637266 പ്രകാരമുള്ള ₹1250/- കളക്ഷനാകാത്ത ചെക്കായി രേഖപ്പെടുത്തിയിരിക്കുന്നു. ചെക്കുകളുടെ സാധുത മൂന്ന് മാസക്കാലമാണ്. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 22(4) അനുസരിച്ച് ബാങ്ക് സ്വീകരിക്കാത്ത ചെക്ക് സംബന്ധിച്ച് ബാങ്കിൽ നിന്നും ലഭിക്കുന്ന അറിയിപ്പിന്റെയോ സ്റ്റേറ്റ്മെന്റിന്റെയോ അടിസ്ഥാനത്തിൽ അക്കൗണ്ട് ബുക്കുകളിൽ റിവേഴ്സ് എൻട്രി വരുത്തേണ്ടതാണ്.

ബി) താഴെ പറയുന്ന അക്കൗണ്ടുകളുടെ റിക്കൺസിലിയേഷനിൽ ഡയറക്റ്റ്ലി ഡബിറ്റഡ് ബൈ ബാങ്ക് എന്ന ഹെഡിൽ തുക രേഖപ്പെടുത്തിയിട്ടുണ്ട്. അയതിന്റെ വിശദാംശങ്ങൾ പരിശോധനയ്ക്ക് ലഭ്യമാക്കിയിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | തുക(₹) | തീയതി |
|---|---|---|---|
| 1 | 450210102 Other Co-operative Bank (2644) | 4000 | 31.01.2021 |
| 2 | 450210101 Kerala Gramin Bank (7943) | 21600 | 03.09.2020 |

സി) കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 46 അനുസരിച്ച് ചെക്കുകൾ അവയുടെ കാലാവധിക്കുള്ളിൽ മാറാതിരിക്കുകയും കാലാവധി ദീർഘിപ്പിച്ച നൽകാതിരിക്കുകയും ചെയ്യുകയാണെങ്കിൽ പ്രസ്തുത ചെക്കുകളുടെ തുകകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിലേക്ക് ബാധ്യതയായി മാറ്റേണ്ടതും ബാങ്ക് അക്കൗണ്ടിൽ ഡെബിറ്റ് ചെയ്യേണ്ടതുമാണ്. ചെക്കുകളുടെ സാധുത മൂന്ന് മാസക്കാലമാണ്. എന്നാൽ താഴെ പറയുന്ന അക്കൗണ്ടുകളിലെ മൂന്ന് മാസം കഴിഞ്ഞ മാറാത്ത ചെക്കുകൾ കാലാവധി കഴിഞ്ഞ ചെക്കുകളുടെ അക്കൗണ്ടിൽ ചേർത്തിട്ടില്ല.

| ക്രമ നം. | അക്കൗണ്ട് ഹെഡ് | തുക(₹) | ചെക്ക് നമ്പർ | തീയതി |
|---|---|---|---|---|
| 1 | 450210102 Other Co-operative Bank (2644) | 170 | 37963 | 30.9.2020 |
| | | 150 | 73 | 30.9.2020 |
| | | 10366 | 37792 | 30.9.2020 |
| | | 940 | 34572 | 30.9.2020 |
| 2 | 450210101 Kerala Gramin Bank (7943) | 198517 | 14576 | 20.10.2020 |
| | | 227264 | 14577 | 03.11.2020 |

14. എം.എൻ.ആർ.ജി.എ. - യുടെ ആകെ വരുമാനവും ചെലവും വാർഷിക കണക്കിൽ ഉൾപ്പെടുത്തിയിട്ടില്ല. വാർഷിക കണക്കിലെ ഐ & ഇ അക്കൗണ്ടിൽ അക്കൗണ്ട് ഹെഡ് 160100628 - Mahatma Gandhi National Rural Employment Guarantee Scheme പ്രകാരം വരുമാനം ₹18,36,773/- ആണ്. എന്നാൽ അക്കൗണ്ട് ഹെഡ് 253100101 Total Poverty Alleviation , 256100116 Administrative Expences - NREGA/AUEGS എന്നിവ പ്രകാരം തൊഴിലുറപ്പ് പദ്ധതിയുടെ ആകെ ചെലവ് ₹18,45,728/- (18, 33,428 + 12,300) ആണ്. എം.എൻ.ആർ.ജി.എ. -യുടെ ക്യാഷ് ബുക്ക് പ്രകാരമുള്ള തൻവർഷത്തെ ആകെ ചെലവ് ₹3,59,25,541/- രൂപയാണ്.

15. ഐ & ഇ അക്കൗണ്ടിൽ അക്കൗണ്ട് ഹെഡ് 150120102 Receipt From Sale Of Scrap -ലും അക്കൗണ്ട് ഹെഡ് 150120103 Receipt From Auction Of Obselete Assets -ലും ₹3,332/- വരുമാനം രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ അക്കൗണ്ട് ഹെഡ് 150120102 പ്രകാരമുള്ള വരുമാനത്തിന്റെ വൗച്ചറുകൾ പരിശോധനയ്ക്ക് ഹാജരാക്കിയിട്ടില്ല (ആർ. പി. സ്റ്റേറ്റ്മെന്റ് പ്രകാരം ഈ ഇനത്തിൽ വരവില്ല).

16. വിവിധ നികുതിനികുതിയേതര വരവുകളുടെ രജിസ്റ്റർ/റിപ്പോർട്ടുകളിലെയും വാർഷിക കണക്കുകളിലെയും തുകകളിലെ വ്യത്യാസം താഴെ കൊടുക്കുന്നു.

| ഇനം | വാർഷിക കണക്ക് | | രജിസ്റ്റർ/റിപ്പോർട്ട് | |
|---|---|---|---|---|
| | ഡിമാന്റ്(₹) | കളക്ഷൻ(₹) | ഡിമാന്റ്(₹) | കളക്ഷൻ(₹) |
| വസ്തുനികുതി തന്നാണ്ട് (Residential) | 731615 | 730722 | 731203 | 730722 |
| വസ്തുനികുതി തന്നാണ്ട് (Nonresidential) | 1428522 | 1420269 | 1428522 | 1425741 |
| വസ്തുനികുതി കുടിശ്ശിക (Non Residential - Current) | 11010 | - | 11561 | - |
| വസ്തുനികുതി കുടിശ്ശിക (Nonresidential - Arrear) | 10958 | - | 11506 | - |
| തൊഴിൽ നികുതി - സ്ഥാപനം | ഇല്ല | 5900 | 5900 | 5900 |
| തൊഴിൽ നികുതി - കച്ചവടക്കാർ | 156110 | 151020 | 151020 | 151020 |
| തൊഴിൽ നികുതി - ജീവനക്കാർ | 505390 | 505390 | 494640 | 505390 |
| ട്രേഡ് ലൈസൻസ് | 228000 | 228000 | 231500 | 228000 |

17. ഡെപ്പോസിറ്റ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ബാലൻസ് ഷീറ്റിലെ ബി - 7 ഷെഡ്യൂൾ പ്രകാരമുള്ള ഡെപ്പോസിറ്റുകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

18. ഗ്രാമപഞ്ചായത്തിന്റെ മുൻകൂർ രജിസ്റ്ററിൽ രേഖപ്പെടുത്താത്ത താഴെ പറയുന്ന മുൻകൂറുകൾ ബാലൻസ് ഷീറ്റിലെ ബി - 18 ഷെഡ്യൂളിൽ ഉൾപ്പെടുത്തിയിട്ടുണ്ട്.

എ)460500501 - Advance To Implementing Officer അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ₹87425/-.

ബി) 460500601 - Advance To Gramalakshmi Mudralayam അക്കൗണ്ട് ഹെഡിൽ ഉൾപ്പെടുത്തിയിട്ടുള്ള ₹2340/-.

19. പ്രത്യേക ആവശ്യങ്ങൾക്കായി ലഭിച്ചിട്ടുള്ള ബി-4 ഷെഡ്യൂളിൽ ബാധ്യതയായി ഉൾപ്പെടുത്തിയിട്ടുള്ള എൻ.ആർ.ജി.ഇ.എ. ഒഴികെയുള്ള ഗ്രാന്റുകൾക്ക് പ്രത്യേക ബാങ്ക് അക്കൗണ്ട് സൂക്ഷിച്ചിട്ടില്ല. പ്രസ്തുത തുക നിക്ഷേപിച്ചിട്ടുള്ള ബാങ്ക് അക്കൗണ്ടുകൾക്ക് അപ്രോപ്രിയേഷൻ കൺട്രോൾ രജിസ്റ്റർ എഴുതി സൂക്ഷിച്ചിട്ടില്ലാത്തതിനാൽ മറ്റ് ഫണ്ടുകളോടൊപ്പം ബാങ്ക് അക്കൗണ്ടുകളിൽ നിക്ഷേപിച്ചിട്ടുള്ള പ്രസ്തുത ബാധ്യതൾക്ക് തുല്യമായ തുക ബാങ്ക്/ട്രഷറി അക്കൗണ്ടുകളിൽ ഉണ്ടോ എന്ന് പരിശോധിക്കാൻ സാധിച്ചിട്ടില്ല.

20. ഇ – ടെണ്ടർ ഫോറം വിലയായി ലഭിച്ച ₹45371/- പഞ്ചായത്ത് ഫണ്ടിൽ ഒടുക്കിയിട്ടില്ല. ആയത് അസി. എഞ്ചിനീയറുടെ പേരിലുള്ള ബാങ്ക് അക്കൗണ്ടിലാണ് സൂക്ഷിച്ചിട്ടുള്ളത്. വിശദാംശങ്ങൾക്ക് ഈ റിപ്പോർട്ടിലെ ഖണ്ഡിക 1-19 കാണുക. ടെണ്ടർ ഫോറം വിൽപ്പനയുടെ വരവായി ₹46816/- (RP-5) വാർഷിക കണക്കുകളിൽ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ ടെണ്ടർ ഫോറം വിൽപ്പനയുടെ വരവ് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആയതിന്റെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.
21. കേരള പഞ്ചായത്ത് രാജ് (അക്കൗണ്ട്സ്) ചട്ടങ്ങളിലെ ചട്ടം 61 അനുസരിച്ച് മാസാന്ത്യ ധനകാര്യ പത്രിക തയ്യാറാക്കിയിട്ടില്ല.

ഐ.എൽ.ജി.എം. എസ്. സോഫ്റ്റ് വെയറിൽ ഓഡിറ്റർമാർക്ക് ലഭ്യമാക്കിയിട്ടുള്ള ലോഗിനിൽ ലെഡ്ജർ അക്കൗണ്ടിൽ ലഭിക്കുന്ന വൗച്ചറുകൾ തെറ്റാണ്. ആയതു പോലെ ചെലവുകളുടെ ഫയലുകളും ലഭ്യമാകാത്തതിനാൽ ലെഡ്ജറുകൾ പ്രകാരമുള്ള തുകകളുടെ കൃത്യത പരിശോധിക്കാൻ സാധിച്ചിട്ടില്ല.

മേൽ വിവരിച്ച ന്യൂനതകൾക്ക് രേഖകൾ സഹിതം വിശദീകരണം ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നമ്പർ- 17 /20-21/26.07.2022 -ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വിശദീകരണം ലഭ്യമാക്കേണ്ടതാണ്.

## 1-12 ബയോഫ്ലോക്ക് മത്സ്യ കൃഷി- അധികം ധനസഹായം നൽകി

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി ബയോഫ്ലോക്ക് മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 5.6 മീറ്റർ വ്യാസമുള്ള പ്ലാറ്റ്ഫോമിൽ 1.2മീറ്റർ ഉയരമുള്ളതും 5മീറ്റർ വ്യാസമുള്ളതുമായ ടാങ്ക് ഇരുമ്പ് ചട്ടക്കൂടിൽ നിർമ്മിച്ച് അതിനുള്ളിൽ 550ജി എസ് എം കനമുള്ള പി വി സി ആവരണം ചെയ്ത എച്ച് ഡി പി ഇ ഷീറ്റ് വിരിച്ച ശേഷം ടാങ്കിൽ 4-6 സെ മീ വലിപ്പമുള്ള 1250 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രൊജക്ട്. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് ₹1,38,000/-ചെലവഴിക്കാവുന്നതാണ്(മൂലധനചെലവ്-92,000/-(ടാങ്ക്,പി വി സി ആവരണം ചെയ്ത എച്ച് ഡി പി ഇ ഷീറ്റ് വിരിച്ചത്-35,000/-മേൽക്കൂര-5,600/-വൈദ്യുതീകരണം,പ്ലംബിംഗ്-എയർ പമ്പ്-ജനറേറ്റർ മറ്റ് സൗകര്യങ്ങൾ-51,400/-), പ്രവർത്തന ചെലവുകൾ-46,000/-(മത്സ്യ വിത്ത്-10,000/-,തീറ്റ-23,300/-,മെഡിസിൻ,മറ്റ് ചെലവുകൾ-12,700/-)

ബയോഫ്ലോക്ക് മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി ചുവടെ

കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക് (₹) | പരമാവധി സബ്സിഡി (₹) | | | ഗുണഭോക്തൃ വിഹിതം (₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 1,38,000 | 36,800/- മൊത്തം ചെലവിന്റെ 26.666 % | 18,400/- മൊത്തം ചെലവിന്റെ 13.333 % | 55,200/- മൊത്തം ചെലവിന്റെ 40 % | 82,800/- മൊത്തം ചെലവിന്റെ 60 % |

പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരമാവധി സബ്സിഡി തുകയിലും അധികം തുക ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം / പേര് | 166/21 സുഭിക്ഷ കേരളം-ബയോഫ്ലോക്ക് മത്സ്യ കൃഷി |
| അടങ്കൽ | ₹34,400/- (വികസനം ജനറൽ)<br>₹18,400( സംസ്ഥാനാവിഷ്കൃതം)<br>₹2400(തനത് ഫണ്ട്)<br>₹82,800(മറ്റുള്ളവ)<br>ആകെ ₹ 1,38,000/- |
| ചെലവ് | ₹34,400(ബിൽ നം. 3/20-21 /29.03.21 വികസനം ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

സർക്കാർ ഉത്തരവ് പ്രകാരം ഒരു യൂണിറ്റിന് ₹1,38,000/- നൽകാവുന്നതും അതിന്റെ 26.66% പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതാണ്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവിന് കൊടുക്കാവുന്ന യൂണിറ്റ് കോസ്റ്റിന്റെ പരമാവധിയിലധികം തുക പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട്. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | ഗുണഭോക്താവിന്റെ പേരും വിലാസവും | യൂണിറ്റ് കോസ്റ്റ് (ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന ചെലവ് തുക) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ സബ്സിഡി(₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാവുന്ന പരമാവധി സബ്സിഡി (₹) (മൊത്തം ചെലവിന്റെ 26.666 %) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീമതി.ശാന്താകുമാരി ലതാലയം കരിംകുറ്റി പി ഒ | 86,300 | 34,400 | 23,016 | 11,384 |
| ഗുണഭോക്താവിന് അധികം നൽകിയ ആകെ തുക | | | | | 11,384 |

മേൽ പട്ടിക പ്രകാരം ₹ 11,384/-ഗുണഭോക്താവിന് അധികം നൽകിയിട്ടുണ്ട്.

മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല.ഫിഷറീസ് സബ് ഇൻസ്പെക്ടറും ഗുണഭോക്താക്കളും തമ്മിൽ ഏർപ്പെട്ട കരാറിൽ കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചർ ആക്ട് 2020 ഉം പ്രകാരമുള്ള അക്വാകൾച്ചർ രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും നേടണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത

ലൈസൻസ് നേടാതെയാണ് മത്സ്യകൃഷി നടത്തുന്നത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്തീരാജ് ആക്ട് ചട്ടം 16(1) പ്രകാരമുള്ള ടി ആർ 7എ ക്യാഷ് ബുക്കും സബ്സിഡിയറി രജിസ്റ്ററും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (12/2020-21/ 26.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-13 വീട്ടുവളപ്പിലെ കുളത്തിലെ മത്സ്യ കൃഷി- ഗുണഭോക്താക്കൾക്ക് അധിക തുക നൽകി

സ.ഉ(സാധാ)നം.1009/2020/തസ്വഭവ/29.05.2020 പ്രകാരം ഫിഷറീസ് സബ് ഇൻസ്പെക്ടർ നിർവ്വഹണ ഉദ്യോഗസ്ഥനായി സുഭിക്ഷ കേരളം പദ്ധതിയിൽ ഉൾപ്പെടുത്തി വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി എന്ന പദ്ധതി നടപ്പിലാക്കിയിട്ടുണ്ട്. പ്രോജക്ട് റിപ്പോർട്ട് പ്രകാരം ഭക്ഷ്യ സുരക്ഷ ഉറപ്പാക്കുന്നതിനായി 80 ച.മീ(രണ്ട് സെന്റ്) വിസ്തീർണ്ണമുള്ള കുളം 40 സെ.മീ ആഴത്തിൽ കുഴിയെടുത്ത് പ്രസ്തുത മണ്ണ് ഉപയോഗിച്ച് കുളത്തിനു ചുറ്റുമായി 110 സെ മീ ഉയരത്തിൽ ബണ്ട് രൂപീകരിച്ച ശേഷം (ആകെ 150 സെ.മീ)കുളത്തിൽ പടുത വിരിക്കൽ, അടിത്തട്ട് ഒരുക്കൽ, 125 സെ.മീ ജലം നിറയ്ക്കൽ, സംരക്ഷിത വല സ്ഥാപിക്കൽ എന്നീ പ്രവ്യത്തികൾ നിർവ്വഹിച്ച് 1000 മത്സ്യക്കുഞ്ഞുങ്ങളെ നിക്ഷേപിച്ച് വളർത്തുന്നതാണ് പ്രൊജക്ട്. പദ്ധതി പ്രകാരം ഒരു യൂണിറ്റിന് ₹1,23,000/-ചെലവഴിക്കാവുന്നതാണ്(അടിസ്ഥാന സൗകര്യ വികസനം-74,000/-(കുളം കുഴിക്കൽ-18,400/-,പോളിത്തീൻ ഷീറ്റും അനുബന്ധ സാമഗ്രികളും-38,000/-,വാട്ടർ പമ്പ്,വെഞ്ചുറി പമ്പ്-സംരക്ഷിത വല-മറ്റ് ഉപകരണങ്ങൾ-17600/-), പ്രവർത്തന ചെലവുകൾ-49,000/-(മത്സ്യ വിത്ത്-6,000/-,തീറ്റ-41,000/-,മെഡിസിൻ-2000/-)

വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷിക്ക് പൊതു വിഭാഗം ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി സബ്സിഡി താഴെ കൊടുക്കുന്നു.

| യൂണിറ്റ് നിരക്ക് (₹) | പരമാവധി സബ്സിഡി (₹) | | | ഗുണഭോക്തൃ വിഹിതം (₹) |
|---|---|---|---|---|
| | തദ്ദേശഭരണ സ്ഥാപനം | ഫിഷറീസ് വകുപ്പ് | ആകെ | |
| 1,23,000 | 32,800/- മൊത്തം ചെലവിന്റെ 26.666 % | 16,400/- മൊത്തം ചെലവിന്റെ 13.333 % | 49,200/- മൊത്തം ചെലവിന്റെ 40 % | 73,800/- മൊത്തം ചെലവിന്റെ 60 % |

പദ്ധതി ഫയൽ പരിശോധിച്ചതിൽ നിന്നും തദ്ദേശ സ്വയം ഭരണ സ്ഥാപനത്തിന്റെ പരമാവധി സബ്സിഡി തുകയിലും അധികം തുക ഗുണഭോക്താവിന് നൽകിയിട്ടുണ്ട്.പദ്ധതി വിവരങ്ങൾ ചുവടെ കൊടുക്കുന്നു.

| | |
|---|---|
| പ്രോജക്ട് നം / പേര് | 167/21 സുഭിക്ഷ കേരളം-വീട്ടുവളപ്പിൽ കുളത്തിലെ മത്സ്യ കൃഷി |
| അടങ്കൽ | ₹65,600 (വികസനം ജനറൽ)<br>₹1,31,200 (സംസ്ഥാനാവിഷ്കൃത ഫണ്ട്)<br>₹1,96,800 (ജില്ല പഞ്ചായത്ത് വിഹിതം)<br>₹5,90,400 (മറ്റുള്ളവ)<br>ആകെ ₹9,84,000/- |
| ചെലവ് | ₹63,080 (ബിൽ നം. 02/20-21/29.03.21 വികസനം ജനറൽ) |
| നിർവ്വഹണോദ്യോഗസ്ഥൻ | സബ് ഇൻസ്പെക്ടർ ഓഫ് ഫിഷറീസ് |

സർക്കാർ ഉത്തരവ് പ്രകാരം ഒരു യൂണിറ്റിന് ₹1,23,000/- നൽകാവുന്നതും അതിന്റെ 26.66% പഞ്ചായത്ത് ഫണ്ടിൽ നിന്നും ചെലവഴിക്കാവുന്നതുമാണ്. പദ്ധതി ഫയൽ പരിശോധിച്ചതിൽ ഗുണഭോക്താവിന്റെ യൂണിറ്റ് കോസ്റ്റിന്റെ 40% തുക പഞ്ചായത്ത് വിഹിതമായി നൽകിയിട്ടുണ്ട് എന്നാൽ സർക്കാർ ഉത്തരവ് പ്രകാരം പഞ്ചായത്ത് ഫണ്ടിൽ നിന്നും ഫിഷറീസ് വകുപ്പിൽ നിന്നും കൂടി ഗുണഭോക്താക്കൾക്ക് നൽകാവുന്ന പരമാവധി തുക യൂണിറ്റ് കോസ്റ്റിന്റെ 40% മാണ്.പഞ്ചായത്ത് ഫണ്ടിൽ നിന്നയൂണിറ്റ് കോസ്റ്റിന്റെ 26.66% മാത്രമേ ഗുണഭോക്താവിന് നൽകാൻ പാടുള്ളൂ. വിശദ വിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം. | | യൂണിറ്റ് കോസ്റ്റ് (ഉത്തരവ് പ്രകാരം അനുവദിക്കാവുന്ന ചെലവ് തുക) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകിയ സബ്സിഡി (₹) | പഞ്ചായത്ത് ഫണ്ടിൽ നിന്നും നൽകാവുന്ന പരമാവധി സബ്സിഡി (₹) (മൊത്തം ചെലവിന്റെ 26.66 %) | അധികം നൽകിയ തുക |
|---|---|---|---|---|---|
| 1 | ശ്രീ.അഹമ്മദ് കുട്ടി | 80,000/- | 32,000 | 21,328/- | 10,672/- |
| 2 | സാനി നാസർ ടി | 77,700/- | 31,080 | 20,715/- | 10,365/- |
| ഗുണഭോക്താവിന് അധികം നൽകിയ ആകെ തുക | | | | | 21,037/- |

മേൽ പട്ടിക പ്രകാരം ₹21,037/- ഗുണഭോക്താക്കൾക്ക് അധികം നൽകിയിട്ടുണ്ട്.

മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് മോണിറ്ററിംഗ് നടത്തണം എന്ന് പ്രോജക്ട് റിപ്പോർട്ടിൽ നിഷ്കർഷിക്കുന്നുണ്ടെങ്കിലും മത്സ്യ ബന്ധന വർക്കിംഗ് ഗ്രൂപ്പ് ഗ്രാമ പഞ്ചായത്തിൽ നിലവിലില്ല.ഫിഷറീസ് സബ് ഇൻസ്പെക്ടറും ഗുണഭോക്താക്കളും തമ്മിൽ ഏർപ്പെട്ട കരാറിൽ കേരള ഉൾനാടൻ മത്സ്യബന്ധനവും അക്വാകൾച്ചർ ആക്ട് 2020 ഉം പ്രകാരമുള്ള അക്വാകൾച്ചർ രജിസ്ട്രേഷനും അക്വാകൾച്ചർ ലൈസൻസും നേടണമെന്ന് നിഷ്കർഷിക്കുന്നുണ്ടെങ്കിലും പ്രസ്തുത ലൈസൻസ് നേടാതെയാണ് മത്സ്യകൃഷി നടത്തുന്നത്. ഗ്രാമസഭ അംഗീകരിച്ച ഗുണഭോക്തൃ ലിസ്റ്റ് ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. 2011 ലെ കേരള പഞ്ചായത്തീരാജ് ആക്ട് ചട്ടം 16(1) പ്രകാരമുള്ള ടി ആർ 7എ ക്യാഷ് ബുക്കും സബ്സിഡിയറി രജിസ്റ്ററും നിർവ്വഹണ ഉദ്യോഗസ്ഥൻ സൂക്ഷിച്ചിട്ടില്ല.

അപാകതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (11/2020-21/ 26.07.2022) മറുപടി ലഭ്യമാക്കിയിട്ടില്ല. മേൽ വിശദാംശങ്ങൾ പരിശോധിച്ച് അപാകതകൾ പരിഹരിക്കുന്നതിനാവശ്യമായ നടപടികൾ സ്വീകരിക്കേണ്ടതും, രേഖകൾ ഹാജരാക്കേണ്ടതുമാണ്. അധികം നൽകിയ തുക ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-14 സാമൂഹിക സുരക്ഷാ പെൻഷൻ- മരണമടഞ്ഞ വ്യക്തികളുടെ സ്റ്റാറ്റസ് സസ്പെൻഡ് ചെയ്യാൻ വൈകുന്നതു മൂലം പെൻഷനർ മരണമടഞ്ഞാലും പെൻഷൻ അക്കൗണ്ടിലേക്ക് കൈമാറുന്നു.

22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017 പ്രകാരം ഗുണഭോക്താക്കൾ മരണപ്പെടുന്ന സംഗതികളിൽ ക്ഷേമ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ മരണം റിപ്പോർട്ട് ചെയ്യപ്പെടുന്ന പക്ഷം ആ ദിവസം തന്നെ പെൻഷൻ സസ്പെന്റ് ചെയ്യേണ്ടതാണെന്നും മരണം മറ്റ് തദ്ദേശസ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യപ്പെടുന്നുവെങ്കിൽ അതേ ദിവസം തന്നെ പെൻഷൻ അനുവദിച്ച് നൽകിയ തദ്ദേശ സ്ഥാപനത്തിൽ റിപ്പോർട്ട് ചെയ്യേണ്ടതാണെന്നും നിർദ്ദേശിച്ചിരുന്നു.

കൂടാതെ 23.09.2020 ലെ ധനകാര്യ വകുപ്പിന്റെ ഉത്തരവ് (എം.എസ്) നം. 97/2020 പ്രകാരം മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻ ഡേറ്റാബേസിൽ നിന്നും ഒഴിവാക്കാൻ സെക്രട്ടറിമാർ ബാധ്യസ്ഥരാണെന്നും, പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ബന്ധപ്പെട്ട പ്രാദേശിക സർക്കാരുകളെ അറിയിക്കേണ്ടതാണെന്നും, പെൻഷണർ മരണപ്പെട്ട ശേഷവും അക്കാര്യം പ്രാദേശിക സർക്കാരിൽ അറിയിക്കാതെ അനന്തരാവകാശികൾ പ്രസ്തുത പെൻഷൻ തുക കൈപ്പറ്റുന്നതായി ശ്രദ്ധയിൽപ്പെടുന്ന പക്ഷം മരണപ്പെടുന്ന ഗുണഭോക്താവിനെ പെൻഷൻ ഡാറ്റാബേസിൽനിന്നും അടിന്തിരമായി ഒഴിവാക്കേണ്ടതാണെന്നും നിർദ്ദേശിച്ചിട്ടുണ്ട്.

2020- 2021 സാമ്പത്തിക വർഷത്തിൽ മരണം രജിസ്റ്റർ ചെയ്തവരുടെ പേരിലുള്ള പെൻഷൻ തുക, മരണതീയ്യതിക്കുശേഷമുള്ള മാസങ്ങളിലും വിതരണം ചെയ്യുന്നതിനായി പെൻഷനറുടെ ബാങ്ക് അക്കൗണ്ടുകളിലേക്ക് കൈമാറിയിട്ടുണ്ട്. സേവന സോഫ്റ്റ്‌വെയർ പ്രകാരം ലഭ്യമായ വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

(സ.ഉ(എം.എസ്)നം. 91/2019/ധന തീയ്യതി 18.02.2019 പ്രകാരം 01.04.2019 മുതൽ 1200 രൂപ, സ.ഉ(എം.എസ്)നം. 28/2020/ധന തീയ്യതി 03.03.2020 പ്രകാരം 01.04.2020 മുതൽ 1300 രൂപ, സ.ഉ( അച്ചടി)നം. 118/2020/ധന തീയ്യതി 06.09.2020 പ്രകാരം 01.09.2020 മുതൽ 1400 രൂപ, എഴുപത്തിയഞ്ച് വയസ്സ് കഴിഞ്ഞവർക്ക് സ.ഉ(എം.എസ്)നം. 24/2016/സാനീവ തീയ്യതി 01.03.2016 പ്രകാരം 01.04.2016 മുതൽ 1500 രൂപ, സ.ഉ(എം.എസ്)നം. 16/2021/ധന തീയ്യതി 03.02.2021 പ്രകാരം 01.04.2021 മുതൽ 1600 രൂപ എന്നീ നിരക്കുകളിലാണ് പെൻഷൻ വിതരണം ചെയ്യുന്നത്.)

| ക്രമ നം. | പെൻഷനറുടെ പേര് | പെൻഷൻ തരം | ആധാർ നം. | പെൻഷൻ ഐഡി നം. | മരണമടഞ്ഞ തീയ്യതി | അനർഹമായ കാലയളവ് | സ്റ്റാറ്റസ് | അനർഹമായ തുക(സേവന സോഫ്റ്റ് വെയർ പ്രകാരം വിതരണം ചെയ്ത ആകെ തുക) |
|---|---|---|---|---|---|---|---|---|
| 1 | മൊയ്‌ദു | സാമൂഹ്യ സുരക്ഷ പെൻഷൻ (കാർഷിക പെൻഷൻ) | 343828581777 | 2220292047 | 10/04/20 | 01/05/20-30/11/20 | ആക്റ്റീവ് | 10,500 (1500*7) |
| 2 | പാത്തുമ്മ | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 357613178508 | 110870600359 | 20/08/20 | 1/09/20-1/06/22 | സ്റ്റാറ്റസ് സസ്‌പെൻഡ് എന്നിരുന്നാലും ഓഡിറ്റ് മാസം വരെ തുക അകൗണ്ടിൽ നിക്ഷേപിച്ചിട്ടുണ്ട്. | 34,500 (7*1500+15*1600) |
| 3 | സീത/സീന | സാമൂഹ്യ സുരക്ഷ പെൻഷൻ(കർഷക തൊഴിലാളി പെൻഷൻ) | 927276111981 | 110870100152 | 26/09/20 | 1/1/21 ൽ കൈപ്പറ്റി | മരിച്ച മാസം വരെ തുക കൈപ്പറ്റിയിട്ടുണ്ട.സോഫ്റ്റ്‌വെയറിൽ സസ്പെൻഡ് എന്നാണ് രേഖപ്പെടുത്തിയതെങ്കിലും 2021 April മാസം പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. | 1600 |
| 4 | ഖദീജ ബി | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വിധവ പെൻഷൻ സ്കീം) | 803466526853 | 110870600461 | 06/10/20 | 1/11/20-30/9/21 | സസ്പെൻഡ് എന്നാണ് രേഖപ്പെടുത്തിയതെങ്കിലും 2021സെപ്റ്റംബർ മാസം പെൻഷൻ തുക കൈപ്പറ്റിയിട്ടുണ്ട്. | 17600 |
| 5 | കുഞ്ഞിമാത | സാമൂഹ്യ സുരക്ഷ പെൻഷൻ(ഇന്ദിരാ ഗാന്ധി ദേശീയ വാർദ്ധക്യകാല പെൻഷൻ) | 835627875540 | 110920200067 | 14/10/20 | 1/11/20-30/06/22 | ആക്റ്റീവ് | 31500 |

മുകളിൽ നൽകിയ പട്ടികയിലുള്ളത് വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിൽ 2020- 2021 സാമ്പത്തിക വർഷം മരണം റിപ്പോർട്ട് ചെയ്യപ്പെടുകയും മരണസർട്ടിഫിക്കറ്റ് പുറപ്പെടുവിക്കുകയും ചെയ്യപ്പെട്ട ഏതാനം പെൻഷൻ ഗുണഭോക്താക്കൾ മാത്രമാണ്. മേൽ പെൻഷൻ ഗുണഭോക്താക്കളുടെ മരണവിവരം ഗ്രാമപഞ്ചായത്തിൽ രജിസ്റ്റർ ചെയ്തിട്ടും തുടർന്നുള്ള മാസങ്ങളിലും ഇവർക്ക് പെൻഷൻ തുക ബാങ്കിലേക്ക് കൈമാറിയതിന് വിശദീകരണം നൽകേണ്ടതാണെന്ന് കാണിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക്(നം. 6/2020-21/ 20.07.2022) മറുപടിയായി ക്രമ നമ്പർ 1 കാർഷിക പെൻഷനാണെന്നും കൃഷി ഓഫീസർ മുഖേനയാണ് വിതരണം നടത്തുന്നതെന്നും ക്രമ നം.2,4 എന്നിവ സർക്കാർ അകൗണ്ടിലേക്ക് തിരിച്ചടയ്ക്കാൻ ബാങ്കിന് നിർദ്ദേശം നൽകിയിട്ടുണ്ടെന്നും ക്രമ നമ്പർ 3 സോഫ്റ്റ്‌വെയറിലെ അപാകതമൂലം പെൻഷൻ ഐ ഡി മാറി അപ്‌ലോഡ് ചെയ്തതാണെന്നും ക്രമ നമ്പർ 5 വെങ്ങപ്പള്ളി ഗ്രാമ പഞ്ചായത്തിൽ പെൻഷൻ വാങ്ങുന്ന ഗുണഭോക്താവല്ലെന്നും അറിയിച്ചിട്ടുണ്ട്.

വെങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ സാമൂഹിക സുരക്ഷാ പെൻഷൻ വിവരങ്ങൾ പരിശോധിച്ചപ്പോൾ ഗ്രാമപഞ്ചായത്ത് പരിധിയിൽ ഗുണഭോക്താക്കൾ മരണപ്പെടുന്ന സാഹചര്യത്തിൽ,മരണപ്പെടുന്നവരുടെ വിവരങ്ങൾ അങ്കണവാടി/ആശാവർക്കർമാർ മുഖാന്തിരം ശേഖരിച്ച് അതാത് മാസം പെൻഷൻഡേറ്റാബേസിൽ നിന്നും അവരെ ഒഴിവാക്കാൻ നടപടികൾ സ്വീകരിക്കുന്നതിലും, പെൻഷൻ വിതരണം നടത്തുന്ന സഹകരണസ്ഥാപനങ്ങൾ മരണപ്പെട്ടവരുടെ വിവരങ്ങൾ ഓരോ പെൻഷൻ വിതരണത്തിനുശേഷവും ഗ്രാമപഞ്ചായത്തിൽ അറിയിക്കുന്നതിലും വേണ്ടത്ര ശ്രദ്ധ പതിപ്പിച്ചിട്ടില്ല. 22.09.2017 ലെ ധനകാര്യ വകുപ്പ് സർക്കുലർ എസ്.എഫ്.സി-ബി1/71/2017 പാലിക്കാൻ സെക്രട്ടറി ശ്രദ്ധിക്കേണ്ടതും മരണപ്പെട്ട ഗുണഭോക്താക്കളുടെ അക്കൗണ്ടിലേക്ക് ക്രെഡിറ്റ് ചെയ്ത പെൻഷൻ തുക സർക്കാർ അകൗണ്ടിലേക്ക് തിരിച്ചടച്ച രേഖകൾ ഹാജരാക്കേണ്ടതുമാണ്.

## 1-15 അംഗൺവാടി പോഷകാഹാരം- ഗുണനിലവാരം ഉറപ്പുവരുത്താതെ വിതരണം ചെയ്യുന്നു.

അംഗൺവാടി പോഷകാഹാര വിതരണ പദ്ധതികൾക്കായി ഐ.സി.ഡി.എസ് സൂപ്പർവൈസർ 2020-21 സാമ്പത്തിക വർഷം ₹ 24,15,273.00 ചെലവഴിച്ചിട്ടുണ്ട്. പദ്ധതി വിവരം താഴെ കൊടുക്കുന്നു.

| പ്രൊജക്റ്റ് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| S0037/21 | അംഗൺവാടി പോഷകാഹാരം ജനറൽ | 5,40,000.00 (വികസനം ജനറൽ)<br>5,00,000.00 (കേന്ദ്രാവിഷ്കൃതം)<br>ആകെ 10,40,000.00 | 364693(ബിൽ നം. 1/26.06.20)<br>170042(ബിൽ നം. 3/26.06.20)<br>87207(ചെക്ക് നം. 014578/26.06.20)<br>87863(ചെക്ക് നം. 014580/11.02.21)<br>324930(ചെക്ക് നം. 014578/18.03.21)<br>ആകെ 10,34,735.00 |
| S0040/21 | അംഗൺവാടി പോഷകാഹാരം എസ്.ടി | 10,00,000.00 (വികസനം ജനറൽ)<br>4,00,000.00 (കേന്ദ്രാവിഷ്കൃതം)<br>ആകെ 14,00,000.00 | 170337(ബിൽ നം. 2/26.06.20)<br>564778(ബിൽ നം. 4/11.09.20)<br>264883(ബിൽ നം. 5/05.01.21)<br>354061(ചെക്ക് നം. 014579/09.02.21)<br>26479(ചെക്ക് നം. 014581/26.03.21)<br>ആകെ 13,80,538.00 |

മേൽ പദ്ധതിയിൽ, 8,46,976.00 രൂപ അമൃതം ഫുഡ് പ്രോഡക്റ്റ്സ് തലപ്പുഴയിൽ നിന്നും ന്യൂട്രിമിക്സ് വാങ്ങുന്നതിനാണ് ചെലവഴിച്ചിരിക്കുന്നത്.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | അമൃതം ഫുഡ് പ്രോഡക്റ്റ്സ് തലപ്പുഴയുടെ ഇൻവോയിസ് നം./തീയതി | ന്യൂട്രിമിക്സ് അളവ്(കി.ഗ്രാ) | നൽകിയ തുക(₹) |
|---|---|---|---|
| 1 | 8/26.06.20 | 1151.5 | 84635 |

| | | | |
|---|---|---|---|
| 2 | 12/29.07.20 | 1162 | 85407 |
| 3 | 29/30.11.20 | 1186.5 | 87207 |
| 4 | 33/11.01.21 | 996 | 73206 |
| 5 | 3/30.04.20 | 1068 | 78498 |
| 6 | 6/09.05.20 | 1249.5 | 91839 |
| 7 | 16/04.09.20 | 1035 | 76072 |
| 8 | 5/05.01.21 | 888 | 65268 |
| 9 | 22/01.10.20 | 354.5 | 26055 |
| 10 | 25/13.11.20 | 1253 | 92096 |
| 11 | 45/28.03.20 | 1179.5 | 86693 |
| ആകെ | | 11523.5 | 8,46,976.00 |

22.09.2014 -ലെ സ.ഉ (സാധാ) നം. 587/2014/സാ.നീ.വ പ്രകാരം കുടുംബശ്രീ ന്യൂട്രിമിക്സ് നിർമ്മാണ യൂണിറ്റുകൾ ഉൽപ്പാദിപ്പിച്ച് അംഗൻവാടികളിൽ വിതരണം ചെയ്യുന്ന അമൃതം ന്യൂട്രിമിക്സിന്റെ നിർമ്മാണം സംബന്ധിച്ച സ്റ്റാൻഡേർഡ് ഓപ്പറേറ്റിംഗ് പ്രോസീജിയർ അംഗീകരിച്ചിട്ടുണ്ട്. അതിൽ, ലാബ് ടെസ്റ്റ് നടത്തി ഗുണമേൻമ ഉറപ്പു വരുത്തണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. സംയോജിത ശിശു വികസന സേവന പദ്ധതിയുടെ ഭാഗമായി അംഗൻവാടികൾ ഓരോ രണ്ടുമാസത്തിലൊരിക്കൽ ന്യൂട്രിമിക്സ് സാമ്പിളുകൾ ഫുഡ് ടെസ്റ്റ് ലാബുകളിൽ പരിശോധനയ്ക്ക് വിധേയമാക്കാനും ഓരോ കുടുംബശ്രീ യൂണിറ്റിൽ നിന്നും ഓരോ ബാച്ച് പ്രൊഡക്ഷന്റെയും സാമ്പിളുകൾ ശേഖരിച്ച് പരിശോധനയ്ക്ക് വിധേയമാക്കാനും ലാബ് ടെസ്റ്റുകളുടെ പരിശോധനാ ഫലം തൃപ്തികരമാണെങ്കിൽ മാത്രം ഭക്ഷ്യ മിശ്രിതത്തിന്റെ വില വിതരണം ചെയ്ത ന്യൂട്രിമിക്സ് യൂണിറ്റുകൾക്ക് വിതരണം ചെയ്താൽ മതിയെന്നും സാമൂഹ്യക്ഷേമ ഡയറക്ടറുടെ 5/06/2010, 01/02/2010 എന്നീ തിയ്യതികളിലെ ഐ സി ഡി എസ്. ബി3-312/2010, കത്തുകളിൽ നിർദ്ദേശിച്ചിരുന്നു.
മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (3/20-21/20.07.22 ) ലഭ്യമാക്കിയ മറുപടിയിൽ കോവിഡ് ആയതിനാൽ ടെസ്റ്റ് ചെയ്യുന്നതിന് സാധിച്ചിട്ടില്ല എന്നാണ് പറഞ്ഞിരിക്കുന്നത്.പ്രസ്തുത മറുപടി സ്വീകാര്യമല്ല. അതിനാൽ, മേൽ പരിശോധന റിപ്പോർട്ടുകൾ ഓഡിററിന് ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 8,46,976.00 തടസ്സത്തിൽ വെക്കുന്നു.

## 1-16 അനിവാര്യ ഫണ്ട് വകയിരുത്തലുകൾ നടത്തിയിട്ടില്ല.

| പ്രൊജക്ട് നം. | പ്രൊജക്ടിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 52/21 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ബത്ത/ സ്കോളർഷിപ്പ് നൽകൽ | 7,12,500.00<br>(250000 - വികസനം ജനറൽ, 225000 - ബ്ലോക്ക് പഞ്ചായത്ത്<br>237500 – ജില്ല പഞ്ചായത്ത്) | 2,50,000.00(ബിൽ നം. 6/28.01.21)<br>3,37,500.00(ബിൽ നം. 7/16.03.21)<br>ആകെ 4,87,500.00 |

മേൽ പദ്ധതി പ്രകാരം ഭിന്നശേഷി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത നൽകിയിട്ടുണ്ട്. എന്നാൽ, സബ്സിഡി മാർഗ്ഗരേഖ പ്രകാരം അർഹമായ തുക നൽകിയിട്ടില്ല [സ.ഉ. നം. കൈ നം. 22/2018/തസ്വഭവ 14.02.2018 ഖണ്ഡിക 7.1.6കാണുക]. ഉദാഹരണങ്ങൾ താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | വിഭാഗം | നൽകിയ തുക | നൽകേണ്ട തുക |
|---|---|---|---|---|
| 1 | അഫ്സൽ നിയാസ് | മാനസിക വെല്ലുവിളി | 20,334.00 | സ്കോളർഷിപ്പ് - 1000 X 12 = 12000<br>യാത്ര ബത്ത – 1000 X 12 = 12000.<br>വസ്ത്ര ബത്ത (വാർഷികം) - 1500.<br>വിദ്യാഭ്യാസ ബത്ത (വാർഷികം) - 2000.<br>ഉല്ലാസ യാത്ര (വാർഷികം) - 1000.<br>ആകെ - 28500/- |
| 2 | വെങ്കിടേഷ്.എം.ആർ | മാനസിക വെല്ലുവിളി | 20333 | 28500/- |
| 3 | രതീഷ് | മാനസിക വെല്ലുവിളി | 20333 | 28500/- |

| | | | | |
|---|---|---|---|---|
| 4 | സാദിഖ്.പി | മാനസിക വെല്ലുവിളി | 20333 | 28500/- |
| 5 | റിൻഷ | മാനസിക വെല്ലുവിളി | 20333 | 28500/- |

മേൽ സൂചിപ്പിച്ച ഉദാഹരണങ്ങളിൽ കാണിച്ചിരിക്കുന്നത് പോലെ മറ്റ വിദ്യാർത്ഥികൾക്കും അർഹതപ്പെട്ട തുക നൽകിയിട്ടില്ല. സബ്സിഡി മാർഗരേഖ പ്രകാരം [ സ.ഉ. നം. കൈ നം. 11/2018/തസ്വഭവ 29.01.2018 ഖണ്ഡിക 5.2.1(4)] വികസന ഫണ്ടിൽ നിന്നും നിർബന്ധമായി നീക്കി വെക്കേണ്ട ഇനമാണ് ഭിന്ന ശേഷിയുള്ളവർക്ക് സ്കോളർഷിപ്പും ബത്തയും. (ബ്ലോക്ക് /ജില്ല പഞ്ചായത്ത് വിഹിതവും ഉൾപ്പെടുത്താവുന്നതാണ്). ആവശ്യമായ വകയിരുത്തലുകൾ നടത്തിയിട്ടുണ്ടോ എന്ന് വിശദീകരിക്കേണ്ടതാണ്.

5.01.2019 ലെ ഡ.എ്.1/19/2019 ത.സ്വ.ഭ.വ പ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന കുട്ടികൾക്ക് അർഹമായ മുഴുവൻ സ്കോർളഷിപ്പും/ബത്തയും നൽകുവാനായി താഴെ പറയുന്ന നിബന്ധനകൾ പാലിക്കുവാൻ ശ്രദ്ധിക്കേണ്ടതാണെന്ന് നിഷ്കർഷിച്ചിട്ടുണ്ട് :

1)അനുവദനീയമായ ആനുകൂല്യം പൂർണ്ണമായി നൽകുവാനായി ഗ്രാമപഞ്ചായത്ത് മതിയായ ഫണ്ട് മാറ്റി വയ്ക്കുവാൻ പ്രത്യേകം ശ്രദ്ധിക്കേണ്ടതാണ്.

2)സാമൂഹ്യ സുരക്ഷാ മിഷന്റെ കൈവശമുള്ള ഇത്തരം വിഭാഗക്കാരുടെ പൂർണ്ണമായ വിവരങ്ങൾ ICDS/CDPO മുഖേന പഞ്ചായത്തിന് കൈമാറുന്നതോടൊപ്പം, മതിയായ തുക മാറ്റി വയ്ക്കുന്നുണ്ടെന്നും ഉറപ്പ് വരുത്തേണ്ടതാണ്.

ഐ.സി.ഡി.എസ് സൂപ്പർവൈസർ നിർവഹണം നടത്തിയ ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് എന്ന പദ്ധതിയുടെ പരിശോധനയുടെ ഭാഗമായി ഗ്രാമപഞ്ചായത്ത് സ.ഉ.(സാധാ)നം.2465/2016/തസ്വഭവ തിയ്യതി 17.08.2016 പ്രകാരം സൂക്ഷിക്കേണ്ട രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

വകയിരുത്തിയ വികസനഫണ്ടിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. അനിവാര്യ ചുമതല നടപ്പിലാക്കാൻ ആവശ്യത്തിനുള്ള വികസന ഫണ്ട് മാറ്റി വെച്ചിട്ടില്ല.

വകയിരുത്തിയ വികസനഫണ്ടിൽ മുഴുവൻ തുകയും ചെലവഴിച്ചിട്ടുണ്ട്. എന്നാൽ, ബ്ലോക്ക് വിഹിതം ചെലവഴിച്ചിട്ടില്ല.

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (4/20-21/20.07.22 ) ലഭ്യമാക്കിയ മറുപടിയിൽ, വകയിരുത്തിയ മുഴുവൻ വിഹിതവും ചെലവഴിച്ചിട്ടുണ്ട് എന്നാണ് പറഞ്ഞിരിക്കുന്നത്. അനിവാര്യ ചുമതല നടപ്പിലാക്കാൻ ആവശ്യത്തിനുള്ള വികസന ഫണ്ട് മാറ്റി വെച്ചിട്ടില്ലാത്തത് ഭരണസമിതിയുടെ ശ്രദ്ധയിൽ കൊണ്ടു വരുന്നു.

## 1-17 ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ബത്ത/ സ്കോളർഷിപ്പ് നൽകൽ- മെഡിക്കൽ സർട്ടിഫിക്കറ്റ് കാലാവധി കഴിഞ്ഞു.

| പ്രൊജക്ട് നം. | പ്രൊജക്റ്റിന്റെ പേര് | അടങ്കൽ (₹) | ചെലവ് (₹) |
|---|---|---|---|
| 52/21 | ശാരീരിക-മാനസിക വെല്ലുവിളികൾ നേരിടുന്ന വിദ്യാർത്ഥികൾക്ക് ബത്ത/ സ്കോളർഷിപ്പ് നൽകൽ | 7,12,500.00<br>(250000 - വികസനം ജനറൽ, 225000 - ബ്ലോക്ക് പഞ്ചായത്ത്<br>237500 – ജില്ല പഞ്ചായത്ത്) | 2,50,000.00(ബിൽ നം. 6/28.01.21)<br>3,37,500.00(ബിൽ നം. 6/28.01.21)<br>ആകെ 4,87,500.00 |

മേൽ പദ്ധതി പ്രകാരം ഭിന്നശേഷി/മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് / ബത്ത നൽകിയിട്ടുണ്ട്. എന്നാൽ, താഴെ പറയുന്ന ഗുണഭോക്താക്കളുടെ മെഡിക്കൽ സർട്ടിഫിക്കറ്റ്, കാലാവധി കഴിഞ്ഞത് ആണ് ഫയലിൽ സൂക്ഷിച്ചിട്ടുള്ളത്. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പേര് | മെഡിക്കൽ സർട്ടിഫിക്കറ്റ് നം./തീയതി | വിഭാഗം | മെഡിക്കൽ സർട്ടിഫിക്കറ്റ് കാലാവധി | നൽകിയ തുക(₹) |
|---|---|---|---|---|---|
| 1 | ആഷിഖ് ഷഹീർ, S/o ആഷിഖ്, കരിമ്പൻകണ്ടി വീട്, പുഴമുടി പോസ്റ്റ് | 663198/06.11.2010 | Moderate Mental Disability 40% | 06.11.2015 (Reassessment Recommended After A Period Of 5 Years As Per Medical Certificate) | 20,333.00 |

| | | | | | |
|---|---|---|---|---|---|
| 2 | അതിഥി ചന്ദ്ര.കെ.വി, D/o വീരേന്ദ്രകുമാർ, മഠത്തിൽ വീട്, കരിങ്കുറ്റി പോസ്റ്റ് | 1845/26.11.2016 | High Myopia, Mild Mental Retardation 70% | 06.11.2019 (Reassessment Recommended After A Period Of 3 Years As Per Medical Certificate) | 20,333.00 |
| 3 | അമിത സന്തോഷ്, അമിത വീട്, മണിയങ്ങോട് പോസ്റ്റ് | 1187110/19.02.2010 | Mental Retardation 70% | 19.02.2013 (Certificate Valid For 3 Years As Per Medical Certificate) | 20,333.00 |
| ആകെ | | | | | 60,999.00 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (5/20-21/20.07.22 ) ലഭ്യമാക്കിയ മറുപടിയിൽ പുതുക്കിയ മെഡിക്കൽ സർട്ടിഫിക്കറ്റ് ഹാജരാക്കാം എന്നാണ് പറഞ്ഞിരിക്കുന്നത്. അതിനാൽ, മേൽ മെഡിക്കൽ സർട്ടിഫിക്കറ്റുകൾ ഓഡിററിന് ലഭ്യമാക്കേണ്ടതാണ്.

## 1-18 ഡെപ്പോസിറ്റ് പ്രവൃത്തികൾ പൂർത്തിയാക്കിയിട്ടില്ല. - ₹ 19,00,379.00 തടസ്സം ചെയ്യുന്നു.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി താഴെ പറയുന്ന പദ്ധതികൾക്ക് തുക ഡെപ്പോസിറ്റ് ചെയ്തിട്ടുണ്ട്. എന്നാൽ, നിലവിലും പദ്ധതികൾ പൂർത്തിയാക്കിയതായ മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കിയിട്ടില്ല. പ്രസ്തുത പദ്ധതികളുടെ കരാർ ഉടമ്പടികളും ലഭ്യമാക്കിയിട്ടില്ല.വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നം. | അടങ്കൽ(₹) | ചെലവ് തുക(₹)/ബിൽ നം./തീയതി | ഡെപ്പോസിറ്റ് തുക കൈപ്പറ്റിയ ഏജൻസി |
|---|---|---|---|---|
| 1 | മലഞ്ചെരിവ് കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ<br>193/21 | 23,000.00 | 8,074.00<br>(70/20-21/27.03.21) | കെ.എസ്.ഇ.ബി |
| 2 | കാപ്പാട്ടുകുന്ന് പൊഴുതന റോഡ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>175/21 | 196,878.00 | 1,96,878.00<br>(72/20-21/29.03.21) | കേരള വാട്ടർ അതോറിറ്റി |
| 3 | 5-ാം വാർഡ് ചൂര്യാറ്റ ആനട്ടി വടക്കേവീട് ആശിക്കുംഭൂമി കൊറ്റിക്കരകുന്ന് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>171/21 | 5,78,325.00 | 5,78,325.00<br>(73/20-21/29.03.21) | കേരള വാട്ടർ അതോറിറ്റി |
| 4 | 8-ാം വാർഡ് വെങ്ങപ്പള്ളി അമ്പലം പുഴമുടി ചോലക്കുന്ന് അപ്പണവയൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>172/21 | 5,43,750.00 | 4,66,827.00<br>(74/20-21/29.03.21) | കേരള വാട്ടർ അതോറിറ്റി |
| 5 | കോടഞ്ചേരിക്കുന്ന് പഞ്ചാബ്കുന്ന് പള്ളിത്താഴെ അമ്പലം ഭാഗം നെല്ലിക്കുന്ന്എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കല്<br>169/21 | 5,00,000.00 | 5,00,000.00<br>(75/20-21/29.03.21) | കേരള വാട്ടർ അതോറിറ്റി |
| 6 | വാവാടി മാരൻകുന്ന് തെങ്ങുംകണ്ടി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ<br>170/21 | 1,50,275.00 | 1,50,275.00<br>(76/20-21/29.03.21) | കേരള വാട്ടർ അതോറിറ്റി |
| ആകെ | | | 19,00,379.00 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (13/20-21/26.07.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. അതിനാൽ, മൂല്യ നിർണ്ണയ സാക്ഷ്യപത്രം ലഭ്യമാക്കുന്നത് വരെ ചെലവ് തുക ₹ 19,00,379.00 തടസ്സം ചെയ്യുന്നു.

## 1-19 ഇ ടെണ്ടർ ഫോം ഫീസ് പഞ്ചായത്തിൽ അടവാക്കിയിട്ടില്ല.

അസി.എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായി നടപ്പിലാക്കിയ താഴെ പറയുന്ന പദ്ധതികളിൽ പിരിച്ചെടുത്ത ഇ ടെണ്ടർ ഫീ ഗ്രാമപഞ്ചായത്ത് ഫണ്ടിൽ വരവ് വന്നിട്ടില്ല. വിശദ വിവരം താഴെ കൊടുക്കുന്നു.

| ക്രമ നം. | പ്രോജക്ടിന്റെ പേര് / നം. | അടങ്കൽ | ഇ ടെണ്ടർ ഫോം നിരക്ക് | ജി.എസ്.ടി | ബിഡ്ഡുകളുടെ എണ്ണം | ആകെ തുക |
|---|---|---|---|---|---|---|
| 1 | വെങ്ങപ്പള്ളി അമ്പലം റോഡ് മെയിന്റനൻസ് 97/20 | 800000 | 1600 | 208 | 4 | 7232 |
| 2 | കൊക്കോട്ടുമ്മൽ റോഡ് മെയിന്റനൻസ് 97/20 | 1154000 | 2308 | 300 | 2 | 5216 |
| 3 | മൂരിക്കാപ്പ് ചൂരിയാറ്റ റോഡ് മെയിന്റനൻസ് 50/20 | 659000 | 1318 | 171 | 1 | 1488 |
| 4 | തെങ്ങുംകണ്ടി വാവാടി റോഡ് മെയിന്റനൻസ് 48/20 | 800000 | 1600 | 208 | 4 | 7232 |
| 5 | മഠത്തിൽ കോളനി റോഡ് മെയിന്റനൻസ് 179/20 | 800000 | 1600 | 208 | 4 | 7232 |
| 6 | കൊട്ടിയോട്ടുമ്മൽ കോളനി റോഡ് മെയിന്റനൻസ് 41/20 | 659000 | 1318 | 171 | 1 | 1489 |
| 7 | ചോലപ്പുറം ഒടയോട്ടുമ്മൽ റോഡ് മെയിന്റനൻസ് 34/20 | 1000000 | 2000 | 260 | 1 | 2260 |
| 8 | പിണങ്ങോട് എരഞ്ഞിമൊട്ടം കുന്ന് റോഡ് മെയിന്റനൻസ് 43/20 | 800000 | 1600 | 208 | 4 | 7232 |
| 9 | കോടഞ്ചേരിക്കുന്ന് കുവപ്പള്ളി റോഡ് മെയിന്റനൻസ് 46/20 | 703000 | 1406 | 183 | 2 | 5990 |
| ആകെ | | | | | | 45371 |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (15/20-21/26.07.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. ഇ ടെണ്ടർ ഇനത്തിൽ വന്ന വരവ് ഗ്രാമ പഞ്ചായത്തിൽ അടവാക്കി അറിയിക്കേണ്ടതാണ്.

## 1-20 പ്രവൃത്തി പൂർത്തിയാക്കാൻ കരാറുകാർക്ക് സമയം നീട്ടി നൽകൽ-പിഴ ഈടാക്കിയിട്ടില്ല

മരാമത്തു പ്രവൃത്തി സമയബന്ധിതമായി പൂർത്തിയാക്കേണ്ടത് കരാറുകാരന്റെ ഉത്തരവാദിത്തമാണ്. ഭാഗികമായോ പൂർണ്ണമായോ കരാറുകാരന്റെ പിഴവുമൂലമോ കാലാവധി ദീർഘിപ്പിക്കേണ്ട ഘട്ടത്തിൽ പിഴ ഈടാക്കി മാത്രമെ ആയത് അനുവദിക്കാവൂ. മുൻകൂട്ടികാണാൻ കഴിയാത്ത കാരണങ്ങളാൽ പ്രവൃത്തി നിശ്ചയിക്കപ്പെട്ട സമയപരിധിക്കകം പൂർത്തിയാക്കാൻ കഴിയാത്തപക്ഷം പ്രസ്തുത തീയതിക്കു മുമ്പായി പൂർത്തീകരണ കാലാവധി ദീർഘിപ്പിക്കുന്നതിനുള്ള അപേക്ഷ, കരാറുകാരൻ അസിസ്റ്റന്റ് എഞ്ചിനീയർക്ക് സമർപ്പിക്കേണ്ടതും, പ്രസ്തുത അപേക്ഷയിൽ രേഖപ്പെടുത്തിയ കാരണം അസിസ്റ്റന്റ് എഞ്ചിനീയർ വിലയിരുത്തി ആയത് സത്യസന്ധമാണെങ്കിൽ കാലയളവ് ദീർഘിപ്പിച്ചു നൽകാവുന്നതുമാണ്. തദ്ദേശ സ്വയംഭരണവകുപ്പ് അഡീഷണൽ ചീഫ് സെക്രട്ടറിയുടെ 18-8-2018 ലെ എ സി 2/223/15ത സ്വ ഭ നമ്പർ സർക്കുലർ പ്രകാരം കരാറുകാരൻ യഥാസമയം പ്രവൃത്തി പൂർത്തീകരിക്കാതിരുന്നാൽ ആദ്യത്തെ 3 മാസക്കാലയളവിന് കരാർ തുകയുടെ ഒരു ശതമാനം നിരക്കിലും

തുടർന്നുള്ള ഓരോ 3 മാസക്കാലയളവിന് 2 ശതമാനം നിരക്കിലും പിഴയീടാക്കണമെന്നുമാണ്. ഈ വ്യവസ്ഥകൾ കരാറുകാരുമായി ഉണ്ടാക്കുന്ന ഉടമ്പടികളിൽ ഏഴാമത്തെ വ്യവസ്ഥയായി ഉൾക്കൊള്ളിക്കാറുണ്ടെങ്കിലും, താഴെ ചേർക്കുന്ന മരാമത്ത് പ്രവൃത്തികൾ ഏറ്റെടുത്ത കരാറുകാർ, കരാർപ്രകാരമുള്ള സമയപരിധിക്കുള്ളിൽ പ്രവൃത്തി പൂർത്തിയാക്കുകയോ , കാലാവധിക്കുള്ളിൽ സമയപരിധി നീട്ടാൻ അപേക്ഷ നൽകി ഭരണസമിതി അംഗീകാരം വാങ്ങുകയോ ചെയ്യാതെ, യാതൊരുവിധ പിഴയും ഈടാക്കാതെ/പിഴ മുഴുവൻ ഈടാക്കാതെയും അവസാന ബിൽ തുക നൽകിയിട്ടുണ്ട് .വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം | പ്രോജക്ട് നം/പേര് /അടങ്കൽ | കരാറുകാരൻ ടെണ്ടർ നിരക്ക് (PAC)(₹) | എഗ്രിമെന്റ്/ തിയതി | കരാർ പ്രകാരം പൂർത്തിയാക്കേണ്ട തിയതി | എം.ബുക്ക് നമ്പർ | എം ബുക്ക്പ്രകാരം പൂർത്തിയാക്കിയ തിയതി | പൂർത്തിയാക്കാനെടുത്ത കാലതാമസം | ഈടാക്കേണ്ടിയിരുന്ന പിഴ(₹) | അവസാന ബിൽ /ചെക്ക് നമ്പർ/ തിയതി/ തുക(₹) |
|---|---|---|---|---|---|---|---|---|---|
| 1 | 139/21 എടക്കണ്ടൻ കോളനി കിണർ പുനരുദ്ധാരണം<br>85000 | ജയരാജൻ.റ്റി.എൻ<br>82795 | AE/LSGD /VGP/45 /18-19 /30.11.2018. | 30/06/2019 | 93/<br>18-19 | 28.11.19<br>(പേജ് നം. 10) | 4 മാസം 28 ദിവസം | 2484<br>(3%, 1+2) | 17/20-21 /27.05.20 തുക 79505 |
| 2 | 141/21 ഹരിതകേരളം വെങ്ങപ്പള്ളി മിനി എം.സി.എഫ് നിർമ്മാണം<br>250000 | ഹരീഷ്.പി.ബി<br>249830 | AE/LSGD /VGP/51/18-19 /12.12.2018. | 12/07/2019 | 38/<br>19-20 | 17/08/20<br>(പേജ് നം. 20) | 13മാസം 5 ദിവസം | 22485<br>(9% ,1+2+2+2+2) | ചെക്ക് നം. 014577 /03.11.20 തുക 227264 |
| 3 | 137/21 വെങ്ങപ്പള്ളി ലാന്റ് ലെസ്സ് കോളനി നരിക്കൊല്ലി റോഡ് മെയിന്റനൻസ്<br>85000 | മുഹമ്മദ് നിസാർ<br>565153 | AE/LSGD /VGP/42 /19-20 /15.11.2019 | 20/08/2020 | 32/<br>19-20 | 05.11.20<br>(പേജ് നം. 15) | 2 മാസം 25 ദിവസം | 5652<br>(1% ) | 14/20-21 /14.05.20 തുക 315462<br>42/20-21 /31.12.20 തുക 219210<br>ആകെ 534672 |
| 4 | 43/21 പിണങ്ങോട് എരഞ്ഞിമൊട്ടം കുന്ന് റോഡ് മെയിന്റനൻസ്<br>800000 | മഹറൂഫ്.പി.എ<br>844288.69 | AE/LSGD /VGP/30 /18-19 /20.10.2018. | 20/05/2019 | 92/<br>18-19 | 28.02.20<br>(പേജ് നം. 20) | 9 മാസം 8 ദിവസം | 50657<br>(7% ,1+2+2+2)<br>8443 രൂപ പിഴയായി ഫൈനൽ ബില്ലിൽ ഈടാക്കിയിട്ടുണ്ട്. | 49/20-21 /04.02.21 തുക 844289 |
| ആകെ | | | | | | | | 81,278 | |

മേൽ അപാകതകൾക്ക് വിശദീകരണവും ബന്ധപ്പെട്ട രേഖകളും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (14/20-21/26.07.22 ) മറുപടി ലഭ്യമാക്കിയിട്ടില്ല. കരാറുകാരിൽ നിന്നും ₹ 81,278.00 പിഴ ഈടാക്കി അറിയിക്കേണ്ടതാണ്.

## 1-21 ടെണ്ടർ ഫോറം വിതരണം സംബന്ധിച്ച്

2020-21വർഷത്തിൽ ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ നിർവഹണം നടത്തിയ പദ്ധതികളുമായി ബന്ധപ്പെട്ട ടെണ്ടറുകൾക്ക് Tribal Extension Officer,Thekkanthara,

Wayanad എന്ന് ശീർഷകമായി കാണിച്ച ടെണ്ടർ ഫോറമാണ് വിതരണം ചെയ്തിരിക്കുന്നത്.ഈ ടെണ്ടർ ഫോം ലഭിച്ചതെങ്ങനെയെന്നുംട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർ പ്രിന്റ് ചെയ്തതാണോ എന്നു ചോദിച്ചുകൊണ്ട് ട്രൈബൽ എക്സ്റ്റൻഷൻ ഓഫീസർക്കു നല്കിയ ഓഡിറ്റ് എൻക്വയറിക്കു(നം.10/20-21/22-7-22) ലഭിച്ച മറുപടിയിൽ ടെണ്ടർ ഫോറം ലഭിച്ചത് പഞ്ചായത്തിൽ നിന്നാണെന്ന് വ്യക്തമാക്കിയിട്ടുണ്ട്.ഇതു സംബന്ധിച്ച് സെക്രട്ടറിക്കു നല്കിയ ഓഡിറ്റ് അന്വേഷണത്തിനു(നം.18/20-21/26-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.പഞ്ചായത്ത് സ്വന്തമായി ടെണ്ടർ ഫോറം പ്രിന്റ് ചെയ്തിട്ടുണ്ടെങ്കിൽ ആയതു സംബന്ധിച്ച വിശദ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 1-22 എസ്.എസ്.കെ വിഹിതം നല്കൽ-പഞ്ചായത്തിന്റെ ആവശ്യകത ഉറപ്പു വരുത്താ- ത്തതു സംബന്ധിച്ച്

എസ്.എസ്.കെ വിഹിതം നല്കൽ(പ്രോ.നം.SO069/21),എസ്.എസ്.കെ വിഹിതം നല്കൽ-എസ്.ടി(പ്രോ.നം.SO075/21) എന്നിവയ്ക്കായി യഥാക്രമം ₹ 60,000/[ പ്ലാൻഫണ്ട്-ജനറൽ-ബിൽ റഫറൻസ് നമ്പർ20180252009300857380/23-12-2020],₹ 2,00,000/ [പ്ലാൻഫണ്ട്-ടി.എസ്.പി-ബിൽ റഫറൻസ് നമ്പർ20180252009300857381 23-12-2020] ചെലവഴിച്ചിട്ടുണ്ട്.ജി.ഒ(എംഎസ്)11/2018/എൽ.എസ്.ജി.ഡി തീ.29-01-2018 യുടെ ഖ.7.6.3 ൽ, മേൽപ്പറഞ്ഞ പ്രോജക്റ്റുകൾ തയ്യാറാക്കുമ്പോൾ ത.സ്വ.ഭ.സ്ഥാപനം അതിന്റെ പങ്ക്

വഹിക്കണമെന്ന് നിർദ്ദേശിച്ചിട്ടുണ്ട്.പ്രോജക്റ്റ് തയ്യാറാക്കുന്നതിൽ പഞ്ചായത്ത് വഹിച്ച പങ്ക് വ്യക്തമാക്കുന്ന രേഖകൾ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വോഷണത്തിന് (നം.08/20-21 /21-7-2022)മറുപടി ലഭ്യമാക്കിയിട്ടില്ല.

## 1-23 കിഴങ്ങു വർഗ കൃഷി പ്രോത്സാഹനം(വനിതാ ഗ്രൂപ്പ് )-ഗുണഭോക്തൃ ലിസ്റ്റിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന് ആനുകൂല്യം അനുവദിച്ചു.

കൃഷി ഓഫീസർ നിർവഹണം നടത്തിയ മേൽ പ്രോജക്റ്റിന്റെ (പ്രോ.നം.132/21)ഭാഗമായി ബിൽ നം.01/20-21 /തീ.20-4-2020 പ്രകാരം ₹ 1,00,000/(പ്ലാൻഫണ്ട്-ജന റൽ) ചെലവഴിച്ചിട്ടുണ്ട്.അംഗീകരിച്ച ഗുണഭോക്തൃ പട്ടികയിൽ 49 ഗ്രൂപ്പുകളാണുള്ളത്.എന്നാൽ വിതരണ റജിസ്റ്ററിൽ 50 ഗ്രൂപ്പുകൾക്ക് വിതരണം ചെയ്തുവെന്നാണ് കാണിച്ചിരിക്കുന്നത്.ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന്(കാരുണ്യ ജെഎൽജി) പ്രോജക്റ്റിന്റെ ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.ഇതു സംബന്ധിച്ച നല്കിയ ഓഡിറ്റ് അന്വേഷണത്തിന്(09/20-21 /21-07-2022) മറുപടി ലഭ്യമാക്കിയിട്ടില്ല.ചെലവ് തുക ₹ 100000 ഓഡിറ്റ് തടസ്സത്തിൽ വെക്കുന്നു.ഗുണഭോക്തൃ പട്ടികയിൽ ഉൾപ്പെടാത്ത ഗ്രൂപ്പിന് ആനുകൂല്യം അനുവദിച്ചതിന്റെ കാരണം വ്യക്തമാക്കേണ്ടതാണ്.

## 1-24 മരുന്നു വാങ്ങൽ - മാർഗ്ഗരേഖ നിർദ്ദേശങ്ങൾ പാലിച്ചിട്ടില്ല സ്റ്റോക്കിന്റെ കൃത്യമായ വിവരങ്ങൾ ലഭ്യമല്ല.

നിർവ്വഹണം - മെഡിക്കൽ ഓഫീസർ (ആയുർവേദം)

സബ്സിഡി മാർഗ്ഗരേഖ പ്രകാരം (സ.ഉ നം. (കൈ) 22/2018/തസ്വഭവ, തീയതി 14.02.2018) കേന്ദ്രീകൃത രീതിയിലുള്ള വാങ്ങലിലൂടെ മരുന്നുകൾ ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുക എന്നത് ബന്ധപ്പെട്ട വകുപ്പുകളുടെ ചുമതലയാണ്. എന്നാൽ വകുപ്പ് മുഖേന വിതരണം ചെയ്തുവരുന്ന മരുന്നുകൾ അപര്യാപ്തമാണെങ്കിൽ അവയുടെ നിയന്ത്രണ ചുമതലയുള്ള തദ്ദേശഭരണ സ്ഥാപനത്തിന് മരുന്നുകൾ വാങ്ങി നൽകി ആരോഗ്യസ്ഥാപനത്തിലെ മരുന്ന് വിതരണത്തിന്റെ കാര്യക്ഷമത ഉറപ്പുവരുത്താവുന്നതാണ്. എന്നാൽ ജില്ലാ മെഡിക്കൽ ഓഫീസറുടെ നോൺ അവൈലബിറ്റി സർട്ടിഫിക്കറ്റില്ലാതെയും, ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും, മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല.

ഗ്രാമപഞ്ചായത്തിന്റെ ആയുർവേദ ഡിസ്പെൻസറിയിലേക്ക് താഴെ പറയുന്ന പ്രോജക്ടുകൾ പ്രകാരം ₹8,42,280/- യുടെ മരുന്നുകൾ വാങ്ങിയിട്ടുണ്ട്.

| ക്രമ നം. | പ്രോജക്റ്റ് | അടങ്കൽ, ഫണ്ട് | മരുന്നു വാങ്ങലിന് ചെലഴിച്ച തുക | ട്രഷറി ബിൽ നമ്പർ, തീയതി |
|---|---|---|---|---|
| 1 | എസ്0100/21, ജീവിത ശൈലി രോഗങ്ങളുടെ നിയന്ത്രണവും ചികിൽസയും | ₹2,00,000/- (സംരക്ഷണ ഗ്രാന്റ്) | ₹1,70,000/- | 02/20-21, 18.09.2020 |
| 2 | എസ്0098/21, ആയുർവേദ മരുന്നു വാങ്ങൽ | ₹4,00,000/- (സംരക്ഷണ ഗ്രാന്റ്) | ₹4,00,000/- | 01/20-21, 18.09.2020 |
| 3 | എസ്0099/21, സ്നേഹധാര പെയിൻ & പാലിയേറ്റീവ് ആയുർവേദ മരുന്ന് | ₹1,00,000/- (സംരക്ഷണ ഗ്രാന്റ്) | ₹1,00,000/- | 03/20-21, 18.09.2020 |
| 4 | എസ്0101/21, പട്ടിക ജാതി വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ - ആയുർവേദം | ₹50,000/- (വികസന ഫണ്ട് - എസ്.സി.പി) | ₹50,000/- | 05/20-21, 18.09.2020 |
| 5 | എസ്0102/21, പട്ടിക വർഗ്ഗ വയോജനങ്ങൾക്ക് ആരോഗ്യ പരിരക്ഷ - ആയുർവേദം | ₹1,22,280/- (വികസന ഫണ്ട് പൊതുവിഭാഗം) | ₹1,22,280/- | 04/20-21, 18.09.2020 |
| | ആകെ | | ₹8,42,280/- | |

മേൽ പറഞ്ഞ പ്രോജക്ടുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ പ്രത്യേകം സ്റ്റോക്ക് രജിസ്റ്ററുകളിലാണ് (Project Wise) രേഖപ്പെടുത്തിയിട്ടുള്ളത്. ഈ സ്റ്റോക്ക് രജിസ്റ്ററുകളിൽ മരുന്നുകൾ ലഭിച്ച തീയതികളിൽ സ്റ്റോക്ക് രേഖപ്പെടുത്തുകയും പിന്നീട് ഒരു തീയതിയിൽ സ്റ്റോക്ക് മുഴവൻ തീർന്നതായി രേഖപ്പെടുത്തുകയുമാണ് ചെയ്തിട്ടുള്ളത് (ഉദാ: പ്രോജക്റ്റ് നമ്പർ എസ്0098/21 പ്രകാരം വാങ്ങിയ സുഖപ്രസവഘൃതം എന്ന മരുന്ന് 200ml ന്റെ 40 ബോട്ടിൽ 10.10.2020 ന് സ്റ്റോക്കിലെടുത്തിട്ടുണ്ട്. ഈ 40 ബോട്ടിലും ഒന്നിച്ച് 10.01.2021 ന് തീർന്നതായി രേഖപ്പെടുത്തി സ്റ്റോക്ക് പൂജ്യം ആക്കിയിരിക്കുന്നു.) പൊതുവായ സ്റ്റോക്ക് രജിസ്റ്റർ സൂക്ഷിക്കാത്തതിനാൽ ആശുപത്രിയിൽ നിലവിലുള്ള മരുന്നുകളുടെ

സ്റ്റോക്ക് വിവരവും പ്രാരംഭസ്റ്റോക്കിന്റെയും ക്ലോസിംഗ് സ്റ്റോക്കിന്റെയും വിവരങ്ങൾ ലഭ്യമല്ല. സ്റ്റോക്കുകളുടെ വാർഷിക പരിശോധന നടത്തി നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയിട്ടില്ല.

പ്രോജക്ട് രൂപീകരണവും നിർവ്വഹണവും സംബന്ധിച്ച ന്യൂനതകൾ താഴെ പറയുന്നു.

1) വ്യത്യസ്ത ആവശ്യങ്ങൾ കാണിച്ച് മരുന്ന് വാങ്ങുന്നതിന് പല പ്രോജക്ടുകൾ നടപ്പാക്കി. (സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെ മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ലാത്തതാണ്.)

2) മേൽ പട്ടികയിലെ ക്രമ നമ്പർ 4 ലെ പ്രോജക്ട് പ്രകാരം എസ്.സി.പി. ഫണ്ട് വകമാറ്റി ചെലവഴിച്ചു. പദ്ധതിമാർഗ്ഗരേഖ (സ.ഉ നം. (കൈ) 11/2018/തസ്വഭവ, തീയതി 29.01.2018) ഖണ്ഡിക 6.1 പട്ടികജാതി ഉപപദ്ധതിയിൽ എസ്.സി.പി. ഫണ്ട്ആരോഗ്യസ്ഥാപനങ്ങൾക്ക് മരുന്നുകൾ വാങ്ങുന്നതിന് വ്യവസ്ഥ ചെയ്തിട്ടില്ല.

3) മരുന്നുകളുടെ സ്റ്റോക്ക് വിവരം ഒരു സ്റ്റോക്ക് ബുക്കിൽ രേഖപ്പെടുത്തി സൂക്ഷിച്ചിട്ടില്ല.

4) സ്റ്റോക്കുകളുടെ വാർഷിക പരിശോധന നടത്തിയിട്ടില്ല.

മേൽ പറഞ്ഞ ന്യൂനതകൾക്ക് വിശദീകരണം ആവശ്യപ്പെട്ട് നൽകിയ 20/07/2022- ലെ ഓഡിറ്റ് എൻക്വയറി നം. 07/20-21 ന് താഴെ പറയുന്ന മറുപടി ലഭ്യമാക്കിയിട്ടുണ്ട്.

1. സബ്സിഡി മാർഗ്ഗരേഖ അനുസരിച്ച് ആരോഗ്യസ്ഥാപനത്തിന് മരുന്ന വാങ്ങിയതിന് നോൺഅവൈലബിറ്റി സർട്ടിഫിക്കറ്റ് ഹാജരാക്കാൻ സാധിച്ചിട്ടില്ല. മേൽ പറഞ്ഞ ന്യൂനത തുടർന്നുവരുന്ന പദ്ധതി രൂപീകരണത്തിലും നിർവ്വഹണത്തിലും പരിഹരിക്കുന്നതാണ്.

2. പ്രോജക്ട് നമ്പർ എസ്0101/21, കേവലം മരുന്ന് വാങ്ങൽ മാത്രമല്ല. രോഗപ്രതിരോഗ പ്രവർത്തനങ്ങൾ; രോഗങ്ങൾക്കുള്ള ചികിത്സ; ബോധവൽക്കരണ ക്ലാസുകൾ എന്നിവ ഉൾപ്പെട്ടിട്ടുള്ളതാണ്.

3. വിവിധ പ്രോജക്ടുകൾക്കായി സ്ഥാപനത്തിൽ ലഭിക്കുന്ന മരുന്നുകൾ അതാത് പ്രോജക്ടുകൾക്കായുള്ള മെയിൻ സ്റ്റോക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തുകയും അത് സബ്സ്റ്റോക്കിൽ കുറവുവരുത്തുകയുമാണ് ചെയ്തു വരുന്നത്. വിവധ പ്രോജക്ടിലെ മരുന്നുകൾക്ക് ഒറ്റ സ്റ്റോക്ക് എന്ന രീതി സ്ഥാപനത്തിൽ പ്രാവർത്തികമാക്കുന്നതാണ്.

4. സ്റ്റോക്കുകളുടെ വാർഷിക പരിശോധനയിൽ മേലിൽ വീഴ്ചവരുത്തുകയില്ല.

സബ്സിഡി മാർഗ്ഗരേഖ ഖണ്ഡിക 2.3 അനുസരിച്ച് മാനദണ്ഡങ്ങളുടെ ലംഘനം തദ്ദേശഭരണസ്ഥാപനത്തിന്റെ ഫണ്ടിന്റെ ദുർവിനിയോഗമായി കണക്കാക്കാവുന്നതാണ്. ക്ഷമതയുള്ള അധികാര സ്ഥാനത്തു നിന്നുള്ള നോൺഅവൈലബിറ്റി സർട്ടിഫിക്കറ്റിന്റെ അടിസ്ഥാനത്തിൽ ആരോഗ്യ സ്ഥാപനത്തിലേക്ക് ആവശ്യമായ മരുന്നുകൾ പ്രോജക്ട് മുഖേന വാങ്ങാവുന്നതാണ്. ആരോഗ്യസ്ഥാപനങ്ങൾക്ക് ലഭ്യമാക്കുന്നതിന് വേണ്ടിയല്ലാതെയും, മരുന്നുകൾ വാങ്ങാനോ മരുന്നിനുവേണ്ടി തുക ചെലവഴിക്കാനോ പാടില്ല എന്ന് സബ്സിഡി മാർഗ്ഗരേഖയിൽ നിഷ്കർഷിച്ചിട്ടുള്ളതിനാൽ മറ്റ് ആരോഗ്യ പ്രോജക്ടുകളിൽ മുരുന്നുവാങ്ങൽ ഘടകം ഉൾപ്പെടുത്തുന്നത് മാർഗ്ഗരേഖ വിരുദ്ധമാണ്. ആരോഗ്യ സ്ഥാപനത്തിലേക്ക് ഒരു സ്റ്റോക്ക് ബുക്കാണ് ഉപയോഗിക്കേണ്ടത്. പ്രോജക്ടുകൾക്കനുസരിച്ച് സ്റ്റോക്ക് രജിസ്റ്ററുകൾ സൂക്ഷിക്കുന്നത് ക്രമ വിരുദ്ധമാണ്.

മേൽ പറഞ്ഞ പ്രോജക്ടുകൾക്ക് ചെലവഴിച്ച ആകെ തുക ₹8,42,280/- ഓഡിറ്റ് തടസ്സത്തിൽ വയ്ക്കുന്നു. പ്രസ്തുത പ്രോജക്ടുകൾ പ്രകാരം വാങ്ങിയ മരുന്നുകൾ 2020-21 കാലയളവിൽ വകുപ്പതല വിതരണത്തിന് ലഭ്യമായിരുന്നോ എന്ന വിവരം ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും ലഭ്യമാക്കേണ്ടതും ആശുപത്രിയിലെ മരുന്നുകളുടെ സ്റ്റോക്ക് ക്രമീകരിച്ചും അറിയിക്കേണ്ടതാണ്.

## 1-25 ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച വീടുകൾ പൂർത്തിയാക്കിയിട്ടില്ല.

ലൈഫ് ഭവന പദ്ധതി പ്രകാരം നിർമ്മാണമാരംഭിച്ച രണ്ട് ഗുണഭോക്താക്കൾ നാളിതുവരെ ഭവനനിർമ്മാണം പൂർത്തീകരിച്ചിട്ടില്ല. വിശദവിവരം ചുവടെ ചേർക്കുന്നു.

| ക്രമ നമ്പർ | ഗുണഭോക്താവിന്റെ പേര് | പ്രോജക്ട് നം. | എഗ്രിമെന്റ് തീയതി | 2020-21 സാമ്പത്തിക വർഷത്തിൽ കൈപ്പറ്റിയ തുക | ബിൽ നം/ തിയതി |
|---|---|---|---|---|---|
| 1 | അജിത പുറക്കുന്ന് | എസ്0186/21 | 29.09.2020 | 40000/- | 45/29.03.2021 |
| 2 | ശ്രീവിദ്യ വിനോദ് | എസ്0191/21 | 09.09.2020 | 40000/- | 04/28.09.2020 |
| | | | | 88200/- | 21/06.01.2021 |
| | | | | 100000/- | 30/04.03.2021 |
| | | | | 38848/- | 39/26.03.2021 |

മേൽ ഗുണഭോക്താക്കൾ ഏത് സ്റ്റേജ് വരെ വീട് പണി പൂർത്തിയാക്കിയിട്ടുണ്ടെന്നും ബാക്കി പ്രവൃത്തി പൂർത്തിയാക്കാത്തതിനുള്ള കാരണവും ലഭ്യമാക്കാൻ ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം. 16/20-21, തീയതി 26/07/2022 - ന് മറുപടി ലഭ്യമാക്കിയിട്ടില്ല. വീടുകളുടെ നിർമ്മാണം പൂർത്തിയാക്കാൻ ആവശ്യമായ നടപടികൾ സ്വീകരിച്ച് അറിയിക്കേണ്ടതാണ്.

## ഭാഗം -2

## വരവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(1) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -3

## ചെലവ്-വ്യക്തമായ നഷ്ടം പ്രതിപാദിക്കുന്ന ഓഡിറ്റ് നിരീക്ഷണങ്ങൾ

[KLFA Act 1994 സെക്ഷൻ 16,KLFA Rules 1996 ചട്ടം 19(2) പ്രകാരമുള്ള ഓഡിറ്റ് റിപ്പോർട്ടിന്റെ പ്രത്യേക ഭാഗം]

ഇല്ല.

## ഭാഗം -4

## പൊതു വിവരങ്ങളും ഓഡിറ്റ് പ്രത്യവലോകനവും

### 4-1 വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് സാക്ഷ്യപത്രം നൽകിയതിന്റെ വിവിരം

| വർഷം | സർട്ടിഫിക്കേഷനിൽ കണക്കുകൾ പരിശോധിച്ച തീയ്യതി | സർട്ടിഫിക്കറ്റ് നമ്പർ/തീയ്യതി |
|---|---|---|
| 2020-21 | 19.07.2022 & 20.07.2022 | ഇതേ റിപ്പോർട്ട് നം./തീയതി |

### 4-2 സംയുക്ത പ്രൊജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം

| വിഹിതം നൽകിയ സ്ഥാപനം | തുക ലഭിച്ച വർഷം | ലഭിച്ച തുക | പ്രൊജക്ടിന്റെ പേര് | ചെലവ് | ബാലൻസ് |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 231235 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-ജനറൽ | 231235 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 235000 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി-ജനറൽ | 235000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 21250 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി- പട്ടിക വർഗ്ഗം | 21250 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 21250 | നെൽകൃഷി കൂലിച്ചെലവ് സബ്സിഡി- പട്ടിക വർഗ്ഗം | 21250 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 237500 | ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് ബത്ത. | 237500 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 206400 | നെൽകൃഷി വികസനം | 206400 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 158000 | പാലിന് സബ്സിഡി | 158000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 200000 | പാലിന് സബ്സിഡി | 200000 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 175200 | ലൈഫ് ഭവന പദ്ധതി- ഭൂമിയും വീടും ( ജനറൽ) | 175200 | - |
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 100000 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണത്തിന് തുക നൽകൽ (പട്ടികജാതി) | 100000 | - |
| ജില്ലാ പഞ്ചായത്ത് | 2020-21 | 38848 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണത്തിന് തുക നൽകൽ (പട്ടികജാതി) | 38848 | - |

| | | | | | |
|---|---|---|---|---|---|
| ബ്ലോക്ക് പഞ്ചായത്ത് | 2020-21 | 150000 | ലൈഫ് ഭവന പദ്ധതി- ഭവന നിർമ്മാണത്തിന് തുക നൽകൽ (ജനറൽ) | 150000 | - |
| ആകെ | | | | 1774683 | |

## 4-3 നിക്ഷേപപ്രവൃത്തികൾക്ക് നൽകിയ തുകയുടെ വിവരങ്ങൾ

ഓഡിറ്റ് വർഷത്തിൽ താഴെ പറയുന്ന സ്ഥാപനങ്ങൾക്ക് ഡെപ്പോസിറ്റ് വർക്കായി പ്രവൃത്തി നടത്തുന്നതിന് മുൻകൂർ നൽകിയിട്ടുണ്ട്. തുക ചെലവഴിച്ച് പ്രവൃത്തി നടത്തിയതിന്റെയും ബാക്കി തുകയുടെയും വിവരങ്ങൾ താഴെ കൊടുക്കുന്നു.

| നിർവഹണ ഏജൻസി | പ്രവൃത്തിയുടെ പേര് | വൗച്ചർ നമ്പർ/ ചെക്ക് നം. | മുൻകൂർ നൽകിയ തുക | ചെലവഴിച്ച തുക | ചെലവഴിക്കാൻ ബാക്കിയുള്ള തുക |
|---|---|---|---|---|---|
| കേരളാ വാട്ടർ അതോറിറ്റി | കോടഞ്ചേരിക്കുന്ന് പഞ്ചാബ്കുന്ന് പള്ളിത്താഴെ അമ്പലം ഭാഗം നെല്ലിക്കുന്ന്എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | UTR NO – U 000000857364342 DATE-29/03/2021 | 500000 | 500000 | 0 |
| കേരളാ വാട്ടർ അതോറിറ്റി | വാവാടി മാരൻകുന്ന് തെങ്ങുംകണ്ടി എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | UTR NO – U 000000857364334 DATE-29/03/2021 | 150275 | 150275 | 0 |
| കേരളാ വാട്ടർ അതോറിറ്റി | 5-ാം വാർഡ് ചൂര്യാറ്റ ആനട്ടി വടക്കേവീട് ആശിക്കുംഭൂമി കൊറ്റിക്കരക്കുന്ന് എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | UTR NO – U 000000857364338 DATE-29/03/2021 | 578325 | 578325 | 0 |
| കേരളാ വാട്ടർ അതോറിറ്റി | 8-ാം വാർഡ് വെങ്ങപ്പള്ളി അമ്പലം പൂഴമുടി ചോലക്കുന്ന് അപ്പണവയൽ എന്നീ പ്രദേശങ്ങളിൽ കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | UTR NO – U 000000857364336 DATE-29/03/2021 | 543750 | 466827 | 76923 |
| കേരളാ വാട്ടർ അതോറിറ്റി | കാപ്പാട്ട്കുന്ന് പൊഴുതന റോഡ് കുടിവെള്ള പൈപ്പ് ലൈൻ സ്ഥാപിക്കൽ | UTR NO – U 000000857364340 DATE-29/03/2021 | 196878 | 196878 | 0 |
| കേരളാ വാട്ടർ അതോറിറ്റി | മലഞ്ചെരിപ്പ്കുന്ന് കുടിവെള്ള പദ്ധതി മോട്ടോർ സ്ഥാപിക്കൽ | UTR NO – U 000000855781450 DATE-27/03/2021 | 23000 | 8074 | 14926 |

## 4-4 മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ മൊബിലൈസേഷൻ അഡ്വാൻസ് വിവരങ്ങൾ

ഇല്ല.

## 4-5 വായ്പാ/വായ്പാ തിരിച്ചടവ്

ഓഡിറ്റ് വർഷം വായ്പ തിരിച്ചടച്ചതിന്റെയും വർഷാവസാനം തിരിച്ചടയ്ക്കാൻ അവശേഷിക്കുന്ന വായ്പ തുകയുടെയും വിശദവിവരം താഴെ കൊടുക്കുന്നു.

| വായ്പയുടെ പേര്/ ഉദ്ദേശ്യം | ഉത്തരവ് നമ്പർ/തിയ്യതി | ലഭിച്ച വായ്പ തുക(₹) | വർഷാരംഭത്തിൽ തിരിച്ചടയ്ക്കാൻ ബാക്കിയുണ്ടായിരുന്ന തുക(₹) | തൻവർഷം തിരിച്ചടച്ച തുക(₹) | വർഷാവസാനം തിരിച്ചടയ്ക്കാൻ ബാക്കിയുള്ള തുക(₹) |
|---|---|---|---|---|---|
| KURDFC ലൈഫ് ഭവന | G O M S No 68/2018 DT | 62,37,035 | 73,27,035.00 | 8,92,667.00 | 64,34,368.00 |

| | | | |
|---|---|---|---|
| പദ്ധതി 2018-19 | 18/05/2018, G O M S No 100/2018 DT 30/07/2018 | | |
| KURDFC ലൈഫ് ഭവന പദ്ധതി 2019-20 | G O M S No 110/2018 DT 13/08/2018, G O M S 34/2018, DT 16/03/2018. | 18,40,000 | |

## 4-6 സ്ഥിര നിക്ഷേപങ്ങൾ

| | |
|---|---|
| വർഷാരംഭത്തിൽ ഉണ്ടായിരുന്ന സ്ഥിര നിക്ഷേപം | 342019 |
| തൻവർഷം നിക്ഷേപിച്ച തുക | NIL |
| ആകെ | 342019 |
| തന്നാണ്ടിൽ പിൻവലിച്ച തുക | NIL |
| വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപം | 342019 |

വർഷാവസാനം അവശേഷിക്കുന്ന സ്ഥിരനിക്ഷേപങ്ങളുടെ വിവരം താഴെ കൊടുക്കുന്നു .

| ക്രമ നം | സ്ഥാപനത്തിന്റെ പേര് (ബാങ്ക്/ട്രഷറി/പോസ്റ്റ് ഓഫീസ്....) | നിക്ഷേപിച്ച തിയതി | കാലയളവ് | തുക | റിമാർക്ക്സ് |
|---|---|---|---|---|---|
| 1 | വയനാട് ഡിസ്ട്രിക്ട് കോപ്പറേറ്റീവ് ബാങ്ക് കൽപ്പറ്റ, ഈവനിംഗ് ബ്രാഞ്ച്. | 12/03/2020 | 1 വർഷം | 367582 | |
| ആകെ | | | | 367582 | |

## 4-7 ഓഡിറ്റ് റിക്കവറി

ഇല്ല.

## 4-8 സമാഹൃത റിപ്പോർട്ടിൽ ഉൾപ്പെട്ട ഓഡിറ്റ് ഖണ്ഡികകളുടെ വിശദാംശം

| ഓഡിറ്റ് വർഷം | ഖണ്ഡിക | സമാഹൃത റിപ്പോർട്ട് വർഷം | ഖണ്ഡിക | വിഷയം | ഇപ്പോഴത്തെ അവസ്ഥ |
|---|---|---|---|---|---|
| 2008-09 | 3.15 | 2010/11-2011/12 | 4.21 | തൊഴിലുറപ്പ് പദ്ധതിയിൽ പൈപ്പ് വാങ്ങിയത് സംബന്ധിച്ച്. | കേരളാ സ്റ്റേറ്റ് ഓഡിറ്റ് വകുപ്പ് ജില്ലാ ഓഫീസിൽനിന്നും 29/12/2021, 30/12/2021 തിയതികളിൽ നടത്തിയ സൂക്ഷ്മപരിശോധന റിപ്പോർട്ട് പ്രകാരം കണ്ടെത്താൻ സാധിച്ചിട്ടില്ലാത്ത പൈപ്പുകളുടെ വിലയായ 247864/ രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനായ ശ്രീ ജോസ്കുമാർ പി എം എന്നവരുടെ ഡി സി ആർ ജി യിൽ നിന്ന് ഈടാക്കി ഓഡിറ്റ് പരാമർശം തീർപ്പാക്കുന്നതിന് നിയമ സഭാസമിതിക്ക് റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |
| 2015-16 | 2-1 | 2016-17 | അനുബന്ധം 5 | തൊഴിൽ നികുതി ഈടാക്കുന്നതിൽ ജാഗ്രതക്കുറവ്. | ഓഡിറ്റ് പരാമർശത്തിൽ സൂചിപ്പിച്ച എല്ലാ സ്ഥാപനങ്ങളിൽ നിന്നും വ്യക്തികളിൽ നിന്നും തൊഴിൽ നികുതി ഈടാക്കി റിപ്പോർട്ട് സമർപ്പിച്ചിട്ടുണ്ട്. |

## 4-9 ചാർജ്ജ് /സർചാർജ്ജ് നടപടികളുടെ വിവരം

(എ)ചാർജ് നടപടി വഴി ഈടാക്കിയ തുക

ഇല്ല

(ബി) സർചാർജ് നടപടി വഴി ഈടാക്കിയ തുക.

| റിപ്പോർട്ട് | ഖണ്ഡിക നം | ഉത്തരവാദിയുടെ പേര് | തുക | തുക അടവാക്കിയ തിന്റെ വിവരം | റിമാർക്ക്സ് |
|---|---|---|---|---|---|
| 2000-01 | 32, 33, 34 | ശ്രീ ജയകുമാർ അസി.എഞ്ചിനീയർ | 62,526/- രൂപ | അടവാക്കിയിട്ടില്ല. | .ശ്രീ ജയകുമാർ മരണപ്പെട്ടു |

## 4-10 ഓഡിറ്റ് പ്രത്യവലോകനം

**(എ)** സംക്ഷിപ്ത വിവരം

| | |
|---|---|
| ഓഡിറ്റ് വർഷത്തെ ആകെ വരവ് | ₹ 5,16,37,992.00 |
| ഓഡിറ്റ് വർഷത്തെ ആകെ ചെലവ് | ₹ 5,02,73,112.00 |
| വരവിനങ്ങളിലുള്ള നഷ്ടം | ഇല്ല |
| ചെലവിനങ്ങളിലുള്ള നഷ്ടം/ ഓഡിറ്റിൽ അംഗീകരിക്കാത്ത തുക | ഇല്ല |

| | |
|---|---|
| ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക | ₹ 36,89,635.00 |

**(ബി).** ഗ്രാമ പഞ്ചായത്ത് ഫണ്ടിനുണ്ടായ വ്യക്തമായ നഷ്ടത്തിന്റെ വിവരം

ഓഡിറ്റിൽ തടസ്സപ്പെടുത്തിയ തുക

| ഖണ്ഡിക നമ്പർ | തുക**(₹)** | ഉത്തരവാദിയായ ആളുടെ പേരും ഉദ്യോഗപ്പേരും |
|---|---|---|
| 1-15 | 8,46,976.00 | ശ്രീമതി. സൈനബ സി,<br>ഐ സി ഡി എസ് സൂപ്പർവൈസർ |
| 1-18 | 19,00,379.00 | ശ്രീ. കെ ബി റോഷൻ,<br>അസി.എഞ്ചിനീയർ |
| 1-23 | 1,00,000.00 | ശ്രീമതി. രേഖ.ടി, കൃഷി ഓഫീസർ |
| 1-24 | 8,42,280.00 | ഡോ സിറാജുദ്ദീൻ,<br>മെഡിക്കൽഓഫീസർ (ആയുർവേദം) |
| ആകെ | 36,89,635.00 | |

**(സി)** കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, മറ്റു സ്ഥാപനങ്ങൾ എന്നിവക്കുണ്ടായ നഷ്ടത്തിന്റെ വിവരം

ഇല്ല.

(ഡി) നഷ്ടം നിജപ്പെടുത്താൻ കൂടുതൽ അന്വേഷണം ആവശ്യമായവ

ഇല്ല.

(ഇ) റിപ്പോർട്ടിൽ പ്രതിപാദിച്ചിരിക്കുന്ന നഷ്ടത്തിനുത്തരവാദികളായവരുടെ സ്ഥിരം മേൽവിലാസങ്ങൾ

| പേരും ഉദ്യോഗപ്പേരും | ഇപ്പോഴത്തെ (ഓഡിറ്റ് നടന്ന സമയത്തെ) ഔദ്യോഗിക മേൽവിലാസം | സ്ഥിരം മേൽവിലാസം |
|---|---|---|
| ശ്രീമതി. സൈനബ സി, ഐ സി ഡി എസ് സൂപ്പർവൈസർ | ഐ സി ഡി എസ് സൂപ്പർവൈസർ, കൽപ്പറ്റ മുൻസിപ്പാലിറ്റി. | കൊടലിൽ ഹൌസ്, കണിയാമ്പറ്റ പി ഒ |
| ശ്രീ. കെ ബി റോഷൻ,<br>അസി.എഞ്ചിനീയർ | 31/05/2022 ന് സർവ്വീസിൽ നിന്ന് വിരമിച്ചു. | പുതുക്കുടിവയൽ ഹൌസ്, മുക്കിൽപീടിക, മേപ്പാടി. |

| | | |
|---|---|---|
| ഡോ സിറാജുദ്ദീൻ, മെഡിക്കൽഓഫീസർ (ആയുർവേദം) | മെഡിക്കൽ ഓഫീസർ, GAD നല്ലേപ്പിള്ളി, നല്ലേപ്പിള്ളി പി ഒ, പാലക്കാട്. | കോരൻകണ്ടത്തിൽ ഹൌസ്, കൽപ്പകഞ്ചേരി പി ഒ, മലപ്പുറം |
| ശ്രീമതി. രേഖ.ടി, കൃഷി ഓഫീസർ | കൃഷി ഓഫീസർ, പടിഞ്ഞാറത്തറ | അന്നം വയൽ വീട്, വട്ടക്കാരി ഗാർഡൻ, കൽപ്പറ്റ |

## 4-11 തീർപ്പാക്കാൻ അവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകൾ.

| വർഷം | ഈ വകുപ്പിൽ നിന്നും പുറപ്പെടുവിച്ച ഏറ്റവും ഒടുവിലത്തെ കത്തിടപാടിന്റെ വിവരം | തീർപ്പാക്കാൻ അവശേഷിക്കുന്ന ഖണ്ഡികകളുടെ എണ്ണം |
|---|---|---|
| 1988-89 | LF(W)P3 283/93 തിയ്യതി 16/06/2019 | |
| 1989-90 | LF(W)P3 283/93 തിയ്യതി 16/06/2019 | |
| 1990-91 | LF(W)P3 283/93 തിയ്യതി 16/06/2019 | |
| 1995-96 | LF(W)P1/758/0/Dt 11.12.08 /6.2.09 | 15 |
| 1996-97 | LF(W)P3/260/98 16/06/19 | 2 |
| 1997-98 | LF(W)P3/17/00 16.6.2019 | 18 |
| 1998-99 | LF(W)P3/260/98 02.07.04 | 40 |
| 1999-00 | LF(W)P3/17/00 16.6.2019 | 6 |
| 2000-01 | LF(W)P3/134 /02 /16-07-19 | 7 |

| | | |
|---|---|---|
| 2001-02 PLAN | LF(W)P3/569 /16-07-19 | |
| 2001-02 | LF(W)P1/93 /07/16-07-19 | 1 |
| 2002-03 | LF(W)P1/814 /07/ 16/07/2019 | 8 |
| 2003-04 | LF(W)P1/911 /16/07/2019 | 8 |
| 2004-05 | LF(W)P1/910 /08/ 16.07.19 | 3 |
| 2005-06 | LF(W)P1/409 /09 16.07.19 | 6 |
| 2006-07 | LF(W)P1/416 /09 10/07/19 | 4 |
| 2007-08 | LF(W)P1/822 /10 12.4.2012 | 17 |
| 2008-09 | LF(W)P1/823 /10 17.5.13 | |
| 2009-10,<br>2010-11 | LF(W)P1/576 /12 4.9.12 | 27 |
| 2011-12 | LF(W)P1/1031 /14/ 05/06/15 | 8 |
| 2012-13,2013-14, | LF(W)P1/902 /17/03/2018 | 17 |
| 2014-15 | K.S.A(WYD)P1-278/16-17/03/2018 | 19 |
| 2015-16 | K.S.A(WYD)P1-11/17-17/01/2017 | 17 |
| 2016-17 | K.S.A(WYD)P1-/419/2017 Dtd 06/05/2019 | 23 |
| 2017-18 | K.S.A(WYD)P1-732/18/07/05/18 | 12 |
| 2018-19 | K.S.A(WYD)P1-51/2020 Dt 01/02/2020 | 10 |
| 2019-20 | K.S.A(WYD)P1-344/2021 Dt 10/05/2021 | 26 |

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം,വയനാട്.

## അനുബന്ധം-1

## ഓഡിറ്റ് സാക്ഷ്യപത്രം

1994-ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമത്തിന്റെ 4-ാം വകുപ്പും 1994-ലെ കേരള പഞ്ചായത്ത്‌രാജ് നിയമത്തിന്റെ 215-ാം വകുപ്പും അനുസരിച്ചും പഞ്ചായത്ത്‌രാജ് സ്ഥാപനങ്ങളുടെ ഓഡിറ്റിനു വേണ്ടി കംപ് ട്രോളർ & ഓഡിറ്റർ ജനറൽ നിർദ്ദേശിച്ച ഓഡിറ്റിംഗ് സ്റ്റാൻഡേർഡുകൾക്ക് വിധേയമായി വകുപ്പിന് ബാധകമായ ഓഡിറ്റ് നിലവാരങ്ങളും നിയമങ്ങളും ചട്ടങ്ങളും അനുസരിച്ച് വാർഷിക ധനകാര്യ പത്രികകളുടെ ഓഡിറ്റ് ക്രമപ്പെടുത്തുന്നതിന് നിയോഗിക്കപ്പെട്ട പ്രത്യേക സമിതി തയ്യാറാക്കി 12.02.2021-ലെ യോഗത്തിൽ വകുപ്പ് അംഗീകരിച്ച ഓഡിറ്റ് രീതികളും സോഫ്റ്റ്‌വെയർ ക്രമീകരണങ്ങളും പ്രകാരം 2020-2021 വർഷത്തെ വാർഷിക ധനകാര്യ പത്രിക പരിശോധിച്ചതായി ഞാൻ സാക്ഷ്യപ്പെടുത്തുന്നു. എന്റെ റിപ്പോർട്ടിൽ ചൂണ്ടിക്കാണിച്ചിരിക്കുന്ന പരാമർശങ്ങൾ ഒഴികെ വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021-ലെ വാർഷിക ധനകാര്യ പത്രിക വരവു ചെലവ് കണക്കുകളെ ശരിയായ രീതിയിൽ അവതരിപ്പിക്കുന്നു എന്ന് ഞാൻ സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## അനുബന്ധം-2

## ഗ്രാന്റുകളുടെ വിനിയോഗ സാക്ഷ്യപത്രം

വയനാട് ജില്ലയിലെ വേങ്ങപ്പള്ളി ഗ്രാമപഞ്ചായത്തിന്റെ 2020-2021 വർഷത്തെ വിവിധ ഗ്രാന്റുകളുടെ വിനിയോഗം, 23.01.2021-ലെ സ.ഉ(കൈ) 16/2021/തസ്വഭവ പ്രകാരം സ്ഥാപനം സാക്ഷ്യപ്പെടുത്തി നൽകിയിട്ടുള്ള ഗ്രാന്റ് സ്റ്റേറ്റ്മെന്റിലെ വിവരങ്ങളുടെ അടിസ്ഥാനത്തിൽ അനുബന്ധം-1ൽ പ്രതിപാദിച്ചിട്ടുള്ള പ്രകാരം പരിശോധിച്ച് ഗ്രാന്റുകളുടെ വിനിയോഗത്തെ കുറിച്ചുള്ള നിരീക്ഷണങ്ങൾ ഈ റിപ്പോർട്ടിൽ ഉൾപ്പെടുത്തിയിട്ടുള്ളതിന് വിധേയമായി സ്ഥാപനത്തിന്റെ ഗ്രാന്റുകളുടെ വിനിയോഗം സാക്ഷ്യപ്പെടുത്തുന്നു.

ഡെപ്യൂട്ടി ഡയറക്ടർ
ജില്ലാ ഓഡിറ്റ് കാര്യാലയം, വയനാട്
കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്